For more visit : www.classstruggleml.blogspot.com

# വിപ്ലവകാരികളുടെ സദാചാരം

ഹോചിമിൻ

For more visit : www.classstruggleml.blogspot.com

**viplavakarikalude sadacharam** ■ ho chi minh ■ sixth edition march 1989 ■ seventh edition may 1997 ■ eighth edition october 1998 ■ published by chintha publishers, thiruvananthapuram ■ distributed by deshabhimani book house, thiruvananthapuram ■ typeset by topline dtp centre, thiruvananthapuram ■ printed at cine offset printers, muttada.

*cover : karakkamandapam vijayakumar* *price: rupees six only*

വിതരണം : **ദേശാഭിമാനി ബുക്ക്ഹൗസ്**
H O തിരുവനന്തപുരം – 695 001

ബ്രാഞ്ചുകൾ : തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CR - 521 / 1255

For more visit : www.classstrugglemi.blogspot.com

മനുഷ്യൻ അവന്റെ ആരംഭം മുതൽ നിലനിൽപ്പിനുവേണ്ടി പ്രകൃതിയുമായുള്ള ഏറ്റുമുട്ടലിലായിരുന്നു. ക്രൂരമൃഗങ്ങൾ, കാലാവസ്ഥ എന്നിവയുമായുള്ള നിരന്തരസമരത്തിലായിരുന്നു അവൻ. ഈ സമരത്തിൽ വിജയിക്കുന്നതിന് ഓരോ വ്യക്തിക്കും മറ്റു നിരവധി പേരുടെയും സമൂഹത്തിന്റെയാകെയും സഹായം വേണ്ടിയിരുന്നു. ഏകനായി അവന് പ്രകൃതിയോട് സമരം ചെയ്ത് നിലനിൽക്കാനാകുമായിരുന്നില്ല.

നിലനിൽക്കുന്നതിന് മനുഷ്യന് ഭക്ഷണവും വസ്ത്രവും മറ്റും ഉൽപ്പാദിപ്പിക്കേണ്ടിയിരുന്നു. ഈ ഉൽപ്പാദനവും കൂട്ടുപ്രയത്നത്തോടെ മാത്രമേ, സമൂഹത്തിന്റെ സഹായത്തോടെ മാത്രമേ, നടത്താനാകുമായിരുന്നുള്ളൂ. ഏകനായി ഒരു വ്യക്തിക്ക് ഇവ ഉൽപ്പാദിപ്പിക്കാനാകുമായിരുന്നില്ല.

സംസ്കാരത്തിന്റെയും വിപ്ലവത്തിന്റേതുമായ നമ്മുടെ ഈ കാലഘട്ടത്തിൽ നമുക്കോരോരുത്തർക്കും ഓരോ കാര്യത്തിനും കൂട്ടുപ്രയത്നത്തെയും സമൂഹത്തിന്റെ ഒന്നിച്ചുള്ള പ്രയത്നത്തെയും കൂടുതൽ കൂടുതൽ ആശ്രയിക്കേണ്ടിവരുന്നു. മുമ്പത്തേതിനേക്കാളധികം ഉയർന്ന അളവിൽ വ്യക്തിക്ക് സമൂഹവുമായി ഇഴുകിച്ചേരേണ്ടി വന്നിരിക്കുന്നു.

അതുകൊണ്ട് *വ്യക്തിത്വവാദം കൂട്ടുപ്രയത്നവാദ*ത്തിന് എതിരാകുന്നു. കൂട്ടുപ്രയത്നവാദവും സോഷ്യലിസവുമാണ് നിലനിൽക്കാൻ പോകുന്നത്; വ്യക്തിത്വവാദം അപ്രത്യക്ഷമാകുമെന്നത് തർക്കമറ്റതത്രെ.

ഉൽപ്പാദനോപാധികളും ശക്തികളും നിരന്തരമായി വികസിക്കുകയും മാറ്റത്തിനു വിധേയമാകുകയും ചെയ്യുന്നു. അതോടൊപ്പം മനുഷ്യന്റെ ചിന്താധാരകളും സാമൂഹ്യബന്ധങ്ങളും മാറുന്നു. കല്ലും കമ്പും ഉപയോഗിച്ചുകൊണ്ടുള്ള ഉൽപ്പാദനത്തിൽനിന്ന് യന്ത്രങ്ങളും വിദ്യുച്ഛക്തിയും അണുശക്തിയും ഉപയോഗിച്ചുകൊണ്ടുള്ള ഉൽപ്പാദനത്തിൽ നാമെത്തിച്ചേർന്ന കഥ ആലോചിച്ചുനോക്കൂ. സാമൂഹ്യവ്യവസ്ഥകളും ഈ മാറ്റത്തിന് വിധേയമായി. പ്രാകൃത കമ്യൂണിസത്തിൽനിന്ന് അടിമവ്യവസ്ഥയും ഫ്യൂഡലിസവും വഴി മുതലാളിത്തത്തിലെത്തി മനുഷ്യൻ. ഇന്നോ? ഇന്ന്

For more visit : www.classstruggleml.blogspot.com



മനുഷ്യസമൂഹത്തിന്റെ പകുതിയോളം സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കും മുന്നേറിക്കൊണ്ടിരിക്കുന്നു.

ആർക്കും ഈ വികാസത്തെ, മുന്നേറ്റത്തെ, തടുക്കാനാകില്ല. സ്വകാര്യഉടമസ്ഥതയുടെ ആവിർഭാവത്തോടെ സമൂഹം വർഗങ്ങളായി വിഭജിക്കപ്പെട്ടു — ചൂഷകവർഗവും ചൂഷിതവർഗവും. അതേത്തുടർന്ന് *സാമൂഹ്യവൈരുധ്യങ്ങളും വർഗസമരവും* ഉളവായി. ഓരോ വ്യക്തിയും ഇതിലേതെങ്കിലുമൊരു വർഗത്തിൽപെടുന്നു. ആർക്കും അതിൽനിന്നൊഴിഞ്ഞു നിൽക്കാനാവില്ല. ഓരോ വ്യക്തിയും താൻ അംഗമായ വർഗത്തിന്റെ പ്രത്യയശാസ്ത്രത്തെ പ്രതിനിധീകരിക്കുന്നു.

പഴയസാമൂഹ്യ വ്യവസ്ഥയിൽ ഫ്യൂഡൽപ്രഭുക്കളും മുതലാളിമാരും സാമ്രാജ്യവാദികളും ദാക്ഷിണ്യലേശമില്ലാതെ സമൂഹത്തിലെ മറ്റ് അംഗങ്ങളെ, പ്രത്യേകിച്ച് തൊഴിലാളി-കർഷക വിഭാഗങ്ങളെ, ചൂഷണം ചെയ്തുപോന്നു. അവർ പൊതുസ്വത്തപഹരിച്ചു. അതിനെ തങ്ങളുടെ സ്വകാര്യ സ്വത്താക്കി. അങ്ങനെ സുഭിക്ഷതയിൽ ജീവിച്ചു. അതേസമയം അവൻ 'ധർമം', 'സ്വാതന്ത്ര്യം' 'ജനാധിപത്യം' എന്നീ വാക്കുകൾ ഉരുവിടുകയും ചെയ്തുകൊണ്ടിരുന്നു.

ഈ മർദനവും ചൂഷണവും കൊണ്ട് സഹികെട്ട തൊഴിലാളികളും കർഷകരും മറ്റധ്വാനിക്കുന്ന ജനവിഭാഗങ്ങളും ഉയിർത്തെഴുന്നേറ്റ് സ്വയം സ്വതന്ത്രരാകുന്നതിനും പഴയസമൂഹത്തെ മാറ്റിമറിക്കുന്നതിനും വേണ്ടി വിപ്ലവം നടത്തി. ഇതേത്തുടർന്നുണ്ടായ പുതിയ സമൂഹത്തിൽ അധ്വാനിക്കുന്നവർക്കെല്ലാം സന്തോഷത്തോടെ ജീവിക്കാമെന്ന സ്ഥിതിവന്നു. മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന ഏർപ്പാട് ഈ സമൂഹത്തിൽ നിരോധിക്കപ്പെട്ടു.

*വിജയശ്രീലാളിതമാകേണ്ട ഒരു വിപ്ലവം തൊഴിലാളിവർഗപാർടി നയിക്കുന്ന തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലായിരിക്കണം.* ഏറ്റവും വികസിച്ചതും ബോധമുള്ളതും നിശ്ചയദാർഢ്യമുള്ളതും അച്ചടക്കമുള്ളതും സംഘടിക്കപ്പെട്ടതുമായ വർഗമാണിത്. സോവിയറ്റ് യൂണിനിലേയും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളിലേയും വിപ്ലവം തെളിയിക്കുന്നതതാണ്.

വിപ്ലവം നടത്തുന്നത്, പഴയസമൂഹത്തെ ഉടച്ചുവാർത്ത് പുതിയതൊന്ന് സ്ഥാപിക്കുന്നത്, മഹത്തായതും അതേസമയം അങ്ങേയറ്റം ബുദ്ധിമുട്ടുള്ളതുമായ ജോലിയാണ്. അത് വളരെ സങ്കീർണവും നീണ്ടുനിൽക്കുന്നതും ശക്തിയേറിയതുമായ ഒരു സമരമാണ്. ബലവാനുമാത്രമേ തലയിൽ ഭാരമുള്ള ചുമടുമായി ദീർഘദൂരം സഞ്ചരിക്കാനാകൂ. അതുപോലെ ഈ മഹത്തായ വിപ്ലവകടമ പൂർത്തീകരിക്കാൻ ഒരു വിപ്ലവകാരിക്ക് വിപ്ലവസദാചാരത്തിന്റെ അടിസ്ഥാനമുണ്ടാ യിരിക്കണം.

പഴയസമൂഹത്തിൽ ജനിക്കുകയും വളർന്നു വരികയും ചെയ്തവരാണ് നാം. ആ സമൂഹത്തിന്റെ അഴുക്കുകൾ, ഏറ്റക്കുറച്ചിലുകളോടെ, നമ്മുടെ ചിന്താധാരയിലും സ്വഭാവത്തിലും നിലനിൽക്കുന്നു. ആ പഴയ സമൂഹ ത്തിന്റെ ഏറ്റവും വൃത്തികെട്ടതും അപകടകാരിയുമായ ചിഹ്നമാണ് വ്യക്തിവാദം. വ്യക്തിവാദം വിപ്ലവസദാചാരത്തിന്റെ നേരെ എതിരാണ്. അതിന്റെ

For more visit : www.classstruggleml.blogspot.com



ചെറിയൊരംശം ബാക്കിനിന്നാൽ മതി ആദ്യം കിട്ടുന്ന സന്ദർഭത്തിൽ അത് വളരാൻ തുടങ്ങും. വളരുന്നതോടൊപ്പം അത് വിപ്ലവമൂല്യങ്ങളെ നശിപ്പിക്കുകയും വിപ്ലവത്തിനുവേണ്ടി സമരം ചെയ്യുന്നതിൽനിന്ന് നമ്മെ പിന്തിരിപ്പിക്കുകയും ചെയ്യും.

വ്യക്തിത്വവാദം വളരെ ചതിയനും മതിഭ്രമമുണ്ടാക്കുന്നതുമാണ്. നമ്മെ പുറകോട്ടടിപ്പിക്കാനുള്ള അതിന്റെ കഴിവ് അപാരമാണ്. പുറകോട്ടടിക്കുന്നത് മുന്നേറുന്നതിനേക്കാൾ എത്രയോ എളുപ്പമായ കാര്യമാണെന്ന് നമുക്കറിയാം. അതുകൊണ്ടാണ്, അത് വളരെ അപകടകാരിയാകുന്നത്.

പഴയ സാമൂഹ്യവ്യവസ്ഥയുടെ അഴുക്കുകൾ കഴുകിക്കളയാനും വിപ്ലവമൂല്യങ്ങൾ വളർത്തിയെടുക്കാനും നിരന്തരമായി മുന്നേറിക്കൊണ്ടിരിക്കാനും പഠനം കൂടുതൽ ദൃഢമാക്കുകയും സ്വയം പരിഷ്കരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിൽ പോകുന്നതോ പരിശീലനകോഴ്സുകളിൽ സംബന്ധിക്കുന്നതോവഴി മാത്രമല്ല നമുക്ക് പഠിക്കാനും സ്വയം പരിഷ്കരിക്കാനും കഴിയുന്നത്. ഓരോ വിപ്ലവപ്രവർത്തനവും നാം അതിനായി ഉപയോഗിക്കണം. ഒളിവുപ്രവർത്തനങ്ങൾ, വിപ്ലവസമരങ്ങൾ, പ്രതിരോധയുദ്ധം, സോഷ്യലിസ്റ്റ് പുനർനിർമാണം, രാജ്യത്തിന്റെ പുനരേകീകരണത്തിനുവേണ്ടിയുള്ള സമരങ്ങൾ എന്നിവയെല്ലാം വിപ്ലവമൂല്യങ്ങൾ സ്വായത്തമാക്കാനുള്ള അവസരങ്ങൾ നമുക്ക് നൽകുന്നു. അവയാണ് നമ്മുടെ വിദ്യാലയങ്ങൾ.

ബുദ്ധിമുട്ടുകളെയോ പ്രതിബന്ധങ്ങളെയോ പരാജയങ്ങളെയോ ഭയമില്ല, അവർ ആടിക്കളിക്കുകയില്ല, പുറകോട്ടടിക്കുകയില്ല. പാർടിയുടെയും വിപ്ലവത്തിന്റെയും വർഗത്തിന്റെയും രാഷ്ട്രത്തിന്റെയും മനുഷ്യസമൂഹത്തിന്റെയും താൽപര്യത്തിനുവേണ്ടി സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ ബലികഴിക്കുവാനും ആവശ്യമെങ്കിൽ പ്രാണത്യാഗം ചെയ്യാൻ പോലും അവർക്ക് മടിയില്ല. ഇതാണ് വിപ്ലവ സദാചാരത്തിന്റെ വ്യക്തമായ പ്രതിഫലനം.

നമ്മുടെ സഖാക്കളായ ട്രാൻഫു, ൻ ഗോ ഗ്യാതു, ലെഹോങ് ഫോങ്, ൻ ഗെയൻതി മിൻഖായ് എന്നിവരെപ്പോലെ എണ്ണിയാലൊടുങ്ങാത്ത എത്രപേർ ജനങ്ങൾക്കും പാർടിക്കും വേണ്ടി സ്വയം ബലിയർപ്പിച്ചിട്ടുണ്ട്. പൊതുതാൽപര്യത്തോടുള്ള പൂർണ അർപ്പണമനോഭാവത്തിന്റെയും നിസ്വാർഥസേവനത്തിന്റെയും മഹനീയ മാതൃകകളാണവരെല്ലാം.

ഏറ്റവും അനുകൂല സാഹചര്യങ്ങളിലും വിജയസോപാനങ്ങളിലെത്തുമ്പോൾപോലും വിപ്ലവമൂല്യമുൾക്കൊണ്ടവർ ലാളിത്യത്തോടും വിനയത്തോടും കൂടുതൽ കൂടുതൽ വിഷമതകൾ സഹിക്കാൻ തയ്യാറായിക്കൊണ്ടിരിക്കും: "കടമയുടെ കാര്യത്തിൽ മറ്റുള്ളവർക്ക് മുൻപേ, ആനന്ദത്തിന്റെ കാര്യത്തിൽ മറ്റുള്ളവർക്ക് പിൻപേ." നമ്മുടെ കടമ ഏറ്റവും നന്നായി ചെയ്തുതീർക്കേണ്ടതെങ്ങനെയെന്നാണ്, ഏറ്റവും കൂടുതൽ പ്രതിഫലം എങ്ങനെ ലഭിക്കുമെന്നല്ല നാം ചിന്തിക്കേണ്ടത്. മുൻകാലനേട്ടങ്ങളുടെ പേരിൽ അഹങ്കരിക്കുകയും പ്രത്യേക പരിഗണനകൾ

For more visit : www.classstruggleml.blogspot.com



ആവശ്യപ്പെടുകയും ഉദ്യോഗസ്ഥദുഷ്പ്രഭുത്വം, താൻപ്രമാണിത്തം, മറ്റുള്ളവരെ ദുഷിപ്പിക്കാൻശ്രമിക്കൽ എന്നീ സ്വഭാവങ്ങൾക്ക് വശംവദരാകാതിരിക്കുകയും ചെയ്യണം നാം. ഇതും വിപ്ലവസദാചാരത്തിന്റെ ഒരു പ്രതിഫലനമത്രെ.

* * * * *

ചുരുക്കത്തിൽ വിപ്ലവസദാചാരത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:

പാർടിക്കും വിപ്ലവത്തിനും വേണ്ടി സമരംചെയ്യാൻ ജീവിതമുഴിഞ്ഞു വെക്കൽ. ഇതാണ് പരമപ്രധാനമായത്.

പാർടിക്കുവേണ്ടി എല്ലുമുറിയെ പണിയെടുക്കുക. പാർടിഅച്ചടക്കം പാലിക്കുക. പാർടിയുടെ നയപരിപാടികൾ നടപ്പാക്കുക.

സ്വന്തം താൽപര്യത്തിനുപരിയായി പാർടിയുടെയും അധ്വാനിക്കുന്ന ജനങ്ങളുടെയും താൽപര്യം ഉയർത്തിപ്പിടിക്കുക. ജനങ്ങളെ സർവകഴിവുമുപയോഗിച്ച് സേവിക്കുക. സ്വാർഥചിന്തയില്ലാതെ പാർടിക്കും ജനങ്ങൾക്കും വേണ്ടി സമരം ചെയ്യുകയും എല്ലാതുറയിലും ഒന്നാമതായിത്തീരുകയും ചെയ്യുക.

മാർക്സിസം–ലെനിനിസം പഠിക്കാൻ ശ്രമിക്കുകയും തുടർച്ചയായ വിമർശന–സ്വയംവിമർശനങ്ങളിലൂടെ മറ്റു സഖാക്കൾക്കൊപ്പം സ്വന്തം പ്രത്യയശാസ്ത്രനിലവാരവും പ്രവർത്തനശേഷിയും വളർത്തുക.

തൊഴിലാളിവർഗത്തിന്റെ ഏറ്റവും മുന്നണിയിലുള്ളതും ഏറ്റവും പിന്നണിയിലുള്ളതും സുസംഘടിതവുമായ സംഘടന നമ്മുടെ പാർടിയാണെന്ന് ഓരോ വിപ്ലവകാരിയും മനസ്സിലാക്കണം. തൊഴിലാളിവർഗത്തിന്റെയും മറ്റധ്വാനിക്കുന്ന ബഹുജനങ്ങളുടെയും നേതാവാണത്. ഇപ്പോൾ സംഖ്യാബലത്തിൽ വലുതല്ലെങ്കിലും നമ്മുടെ തൊഴിലാളിവർഗം ദിനംപ്രതി ശക്തിപ്രാപിച്ചുവരുകയാണ്, ഭാവിയിൽ എല്ലായിടത്തും കാർഷിക സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെടുകയും ഗ്രാമങ്ങളിൽ വ്യാപകമായ തോതിൽ യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്യുന്നതോടെ കർഷകൻ തൊഴിലാളിയായി മാറും. ബുദ്ധിജീവികൾ കായികാധ്വാനികളുമായി പരിചയപ്പെടുകയും കാലക്രമേണ ബുദ്ധിജീവികളും കായികാധ്വാനികളും തമ്മിലുള്ള അന്തരം നീക്കപ്പെടുകയും ചെയ്യും. നമ്മുടെ രാജ്യത്തിലെ വ്യവസായരംഗം ദിനംപ്രതി വികസിക്കും. അങ്ങനെ തൊഴിലാളികൾ അംഗസംഖ്യയിൽ വമ്പിച്ചതോതിൽ വളരും. അവരുടെ സംഘടിതശക്തി വർധിക്കും. തൊഴിലാളിവർഗത്തിന്റെ ഭാവി മഹത്തരമായിരിക്കും. അത് ലോകത്തെയും സ്വന്തം വർഗത്തെയും പരിഷ്കരിക്കും.

ഒരു വിപ്ലവകാരി ഇത് വ്യക്തമായി മനസ്സിലാക്കുകയും സോഷ്യലിസത്തിനും കമ്യൂണിസത്തിനും വേണ്ടിയും തൊഴിലാളികൾക്കും മറ്റധ്വാനിക്കുന്ന ജനങ്ങൾക്കുംവേണ്ടിയും ഹൃദയപൂർവം സമരം ചെയ്യുന്നതിന് തൊഴിലാളിവർഗത്തിന്റെ നിലപാടിൽ അടിയുറച്ചുനിൽക്കുകയും വേണം.

*പാർടിയോടും ജനങ്ങളോടുമുള്ള പരിപൂർണമായ കൂറാണ് വിപ്ലവസദാചാരം.*

For more visit : www.classstruggleml.blogspot.com



നമ്മുടെ പാർടി തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ബഹുജനങ്ങളുടെയുമല്ലാതെ മറ്റാരുടേയും താൽപര്യം കണക്കിലെടുക്കുന്നില്ല. അതുകൊണ്ട് അതിന്റെ ഏറ്റവും അടിയന്തരമായ കർത്തവ്യം വടക്കൻ പ്രദേശങ്ങളിൽ സോഷ്യലിസം പടിപടിയായി കെട്ടിപ്പടുക്കലും രാജ്യത്തെ മുഴുവൻ ഏകീകരിക്കലുമാണ്.

പാർടിയുടെ നേതൃത്വത്തിൽ നമ്മുടെ ജനങ്ങൾ സുധീരം പോരാടുകയും കൊളോണിയൽ നാടുവാഴി മേധാവിത്വത്തെ കടപുഴക്കിയെറിയുകയും രാജ്യത്തിന്റെ വടക്കൻപ്രദേശങ്ങളെ പൂർണമായി വിമോചിപ്പിക്കുകയും ചെയ്തു. ഇത് മഹത്തായ ഒരു വിജയമായിരുന്നു. എന്നാൽ വിപ്ലവം പൂർണമായിക്കഴിഞ്ഞിട്ടില്ല. പാർടിയുടെ ഇന്നത്തെ പരിപാടി സമാധാനപരവും ഐക്യത്തോടുകൂടിയതും സ്വതന്ത്രവും ജനാധിപത്യപരവും സുഖസമ്പുഷ്ടവുമായ വിയത്നാം കെട്ടിപ്പടുക്കുന്നതിനുവേണ്ടി, ദേശീയൈക്യത്തിനുവേണ്ടി, സമരം ചെയ്യുകയാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത, സമൃദ്ധിയും സന്തോഷവും നിറഞ്ഞുനിൽക്കുന്ന ഒരു വിയത്നാം കെട്ടിപ്പടുക്കുകയാണ് പാർടിയുടെ ലക്ഷ്യം.

എന്നിരിക്കലും നമ്മുടെ വ്യവസായരംഗം പിന്നോക്കാവസ്ഥയിലാണ്. സോവിയറ്റ് യൂണിയൻ, ചൈന തുടങ്ങിയ സഹോദര രാഷ്ട്രങ്ങളുടെ സഹായത്താൽ അത് വികസിച്ചുവരുന്നു. നമ്മുടെ ശ്രമങ്ങൾ വിജയിക്കുന്നതിന് തൊഴിലാളികൾ പരസ്പരധാരണയോടെ ഉൽപ്പാദനം വർധിപ്പിക്കുകയും ത്വരിതപ്പെടുത്തുകയും നന്നാക്കുകയും ചെലവുകുറഞ്ഞതാക്കുകയും വേണം; അവർ തൊഴിലിൽ അച്ചടക്കം പാലിക്കുകയും സ്ഥാപനത്തിന്റെ നടത്തിപ്പിൽ പങ്കാളികളാകുകയും വേണം; ധൂർത്തിനും വെട്ടിപ്പിനുമെതിരെ പോരാടണം; നമ്മുടെ സഖാക്കൾ അധ്വാനശീലവും ചെലവ്ചുരുക്കലും സത്യവും നേരായ മാർഗവും മുറുകെപ്പിടിക്കണം; തൊഴിലാളികളുടെ കൂടെ ഉണ്ടാവണമവർ.

നമ്മുടെ കൃഷിക്കാർക്കെല്ലാം ഭൂമിനൽകിക്കഴിഞ്ഞു: അവരുടെ ജീവിതം താരതമ്യേന ഭേദപ്പെട്ടിട്ടുണ്ട്. എങ്കിലും ഉൽപ്പാദനോപാധികൾ ഇപ്പോഴും പഴഞ്ചനാണ്. അതുകൊണ്ട് വിളവും കാര്യമായി വർധിച്ചില്ല. ജീവിത സാഹചര്യമാകട്ടെ വളരെ നേരിയതോതിലേ ഭേദപ്പെട്ടിട്ടുമുള്ളൂ. ഉൽപ്പാദനത്തിൽ കാര്യമായ വർധനവുണ്ടാകുന്നതിന് ഗ്രാമത്തിലെ തൊഴിൽകൈമാറ്റ സംഘടനകളുടെയും സഹകരണസംഘങ്ങളുടെയും പ്രവർത്തനം വ്യാപിപ്പിക്കുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ മാത്രമേ നമ്മുടെ കൃഷിക്കാർക്ക് പട്ടിണിയിൽനിന്ന് രക്ഷപ്പെടാനും ജീവിതം മെച്ചപ്പെടുത്താനും കഴിയൂ.

അതുകൊണ്ട് വിപ്ലവസദാചാരത്തിന്റെ അർഥം പാർടിയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് പ്രയത്നിക്കുകയും തൊഴിലാളികളെയും മറ്റധ്വാനിക്കുന്ന ബഹുജനങ്ങളെയും വിശ്വസ്തതയോടെ സേവിക്കുകയുമാണ്.

പാർടിയുടെയും യുവജനസംഘടനകളുടെയും മിക്കവാറുമെല്ലാ അംഗങ്ങളും അത് ചെയ്തിട്ടുണ്ട്. എന്നാൽ ചിലർ ചെയ്തിട്ടില്ല. അവർക്കൊരു തെറ്റായ ധാരണയുണ്ട്: കൊളോണിയലിസ്റ്റുകളെയും സാമ്രാജ്യവാദികളെയും

For more visit : www.classstruggleml.blogspot.com



വടക്കൻവിയത്നാമിൽ നിന്ന് തുരത്തിയോടിച്ചതോടെ വിപ്ലവം പൂർത്തിയായിരിക്കുന്നു എന്ന്. അതുകൊണ്ടാണ് അവർ വ്യക്തിത്വവാദം വളരാൻ അനുവദിക്കുന്നത്. അവരിപ്പോൾ വിശ്രമവും സുഖജീവിതവുമാണ് ആവശ്യപ്പെടുന്നത്. തങ്ങളുടെ സംഘടന ഏൽപ്പിച്ചജോലി പൂർത്തീകരിക്കാതെ , കടമകൾ നിറവേറ്റാതെ തങ്ങൾക്കിഷ്ടമുള്ളജോലി തെരഞ്ഞെടുക്കുന്നതിലാണ് അവരുടെ ശ്രദ്ധ. അവർക്ക് ഉന്നതസ്ഥാനങ്ങൾ വേണം: പക്ഷേ ഉത്തരവാദിത്വങ്ങളൊന്നും ഏറ്റെടുക്കാൻ വയ്യതാനും. അവരുടെ യുദ്ധപാടവവും ശക്തിയുമെല്ലാം ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു— അതുപോലെതന്നെ ധൈര്യവും ഉന്നതഗുണങ്ങളും. ഒരു വ്യക്തിയെ വിപ്ലവകാരിയാക്കുന്നതിന്റെ അടിസ്ഥാനം പാർടിക്കും വിപ്ലവത്തിനും വേണ്ടി ആജീവനാന്തം പോരാടാനുള്ള ദൃഢനിശ്ചയമാണെന്ന കാര്യം അവർ മറക്കുന്നു. ആയിരം കാതം നീളമുള്ള പാതയിലെ ആദ്യചുവടുകൾ മാത്രമാണ് നാം കൈവരിച്ച വിജയമെന്ന് ഓർക്കണം. നാം മുന്നോട്ടുകുതിക്കണം; വിപ്ലവം ലക്ഷ്യത്തിലെത്തണം, അല്ലാത്തപക്ഷം നാം പുറകോട്ടടിക്കും; നാം കൈവരിച്ച വിജയങ്ങൾ നിലനിർത്താനോ മുന്നോട്ടുകൊണ്ടുപോകാനോ കഴിയാതുഴലും.

സോഷ്യലിസത്തിലേക്ക് മുന്നേറുന്നതിന് നമുക്ക് ദീർഘവും വിഷമകരവുമായ സമരം നടത്തേണ്ടിയിരിക്കുന്നു. നാം വിപ്ലവകാരികളായേതീരൂ. കാരണം, ശത്രുക്കൾ ഇപ്പോഴും പതിയിരിക്കുന്നു.

ശത്രുക്കൾ മൂന്ന്തരത്തിലുണ്ട്:

മുതലാളിത്തവും സാമ്രാജ്യത്വവും വളരെ അപകടകാരികളായവയാണ്.

പഴഞ്ചൻ സ്വഭാവവിശേഷങ്ങളും ആചാരങ്ങളും അതേപോലെ തന്നെ നമ്മുടെ ശത്രുക്കളാണ്; അവ നാമറിയാതെ വിപ്ലവത്തിന്റെ മുന്നേറ്റത്തിന് വിഘാതം സൃഷ്ടിക്കുന്നു. നമുക്കവയെ അടിച്ചമർത്താൻ പറ്റില്ല; വളരെ ശ്രദ്ധയോടെ, ധാരാളം സമയമെടുത്ത്, അവയെ തിരുത്താൻ ശ്രമിക്കണം നാം.

മൂന്നാമത്തെ ശത്രുവാണ് വ്യക്തിത്വവാദം — നമ്മിൽ കുടികൊള്ളുന്ന ആ പെറ്റിബൂർഷ്വാമനോഭാവം. അത് ഒരു സന്ദർഭത്തിനായി കാത്തിരിക്കുകയാണ് — പരാജയത്തിലും വിജയത്തിലും അത് തലപൊക്കും. മുകളിൽപ്പറഞ്ഞ രണ്ടു ശത്രുക്കളുടെയും സഹായികൂടിയാണിത്.

അതുകൊണ്ട് *വിപ്ലവസദാചാരം* എന്നാൽ ഏത് സാഹചര്യത്തിലും ഏത് ശത്രുവിനോടും പോരാടുക, തന്റെ ജാഗ്രത നിലനിർത്തുക, സമരസന്നദ്ധരായിരിക്കുക, കീഴടങ്ങാൻ വിസമ്മതിക്കുക, തലകുനിക്കാതിരിക്കുക എന്നിവയാണ്. ഇതെല്ലാം മുറുകെപ്പിടിച്ചാലേ ശത്രുവിനെ നമുക്ക് പരാജയപ്പെടുത്താനാകൂ; നമ്മുടെ വിപ്ലവകടമ പൂർത്തീകരിക്കാനാകൂ.

നയം ശരിയായതുകൊണ്ടും നേതൃത്വം കൂട്ടായതുകൊണ്ടുമാണ് തൊഴിലാളിവർഗത്തെയും മുഴുവൻ ജനങ്ങളെയും സോഷ്യലിസത്തിലേക്ക് നയിക്കാൻ നമ്മുടെ പാർടിക്ക് കഴിയുന്നത്. എല്ലാ അംഗങ്ങളുടെയും വിചാര

For more visit : www.classstruggleml.blogspot.com



വികാരപ്രവർത്തന ഐക്യത്തിൽ നിന്നാണ് ഈ കൂട്ടുനേതൃത്വം ഉയർന്നുവരുന്നത്.

ഈ ഐക്യം ഇല്ലായിരുന്നെങ്കിൽ നാം താളം തെറ്റിയ സംഗീതസംഘത്തെപ്പോലെയാകുമായിരുന്നു. നമുക്ക് ജനങ്ങളെ നയിക്കാനോ വിപ്ലവം നടത്താനോ കഴിയുമായിരുന്നില്ല.

പാർടി അംഗങ്ങളുടെ വാക്കിനും പ്രവൃത്തിക്കും വിപ്ലവത്തിൽ ഒരു പ്രധാന പങ്കുണ്ട്; കാരണം ജനങ്ങളിൽ അവ സ്വാധീനം ചെലുത്തുന്നു. ഉദാഹരണത്തിന്, നമ്മുടെ പാർടിയുടെയും ഗവൺമെന്റിന്റെയും ഇപ്പോഴത്തെ നയം തൊഴിൽവിനിമയസംഘങ്ങളും സഹകരണസംഘങ്ങളും സംഘടിപ്പിക്കലും കൃഷി സഹകരണാടിസ്ഥാനത്തിലാക്കലുമാണ്. പാർടിയിലെയും യുവജനസംഘടനയിലെയും നിരവധി പേർ ഒന്നുകിൽ ഇവയിൽ ചേരുന്നില്ല. അല്ലെങ്കിൽ ചേർന്നാൽ തന്നെ അവർ തങ്ങളാലാവുന്നത് ചെയ്യുന്നില്ല. *വ്യക്തിത്വവാദ*മാണ് ആ സഖാക്കളെ ഇത്തരത്തിൽ തന്നിഷ്ടം പോലെ, പാർടി അച്ചടക്കത്തിനെതിരായി, പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നത്. ബോധപൂർവമല്ലെങ്കിൽക്കൂടി, അവരുടെ ഈ പ്രവൃത്തികൾ പാർടിക്ക് കളങ്കമുണ്ടാക്കുന്നു. അതിന്റെ പരിപാടികൾക്ക് വിഘ്നമുണ്ടാക്കുന്നു. വിപ്ലവത്തിന്റെ മുന്നേറ്റത്തെ തടയുന്നു.

പാർടിയുടെ എല്ലാ പരിപാടികളുടെയും പ്രമേയങ്ങളുടെയും ലക്ഷ്യം ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കലാണ്. അതുകൊണ്ട് എന്ത്പ്രതിബന്ധ മുണ്ടായാലും, അവയെ *സംശയലേശമന്യേ* നടപ്പാക്കലും ജനങ്ങൾക്കൊരു മാതൃകയാകലും വിപ്ലവസദാചാരത്തിൽ ഉൾപ്പെടുന്നു. ജനങ്ങളോടും പാർടിയോടുമുള്ള ഉത്തരവാദിത്വബോധം ഉയർത്താൻ ഓരോ അംഗവും ശ്രമിക്കണം. അയാൾ വ്യക്തിത്വവാദത്തിനെതിരെ പ്രതിരോധിക്കുകയും അതിനെ എതിർക്കുകയും വേണം.

തൊഴിലാളിവർഗത്തിന്റെയും മറ്റധ്വാനിക്കുന്ന ബഹുജനങ്ങളുടെയും *പൊതുതാൽപര്യത്തെയാണ്*, ഏതെങ്കിലും ഗ്രൂപ്പിന്റെയോ വ്യക്തിയുടെയോ സ്വകാര്യതാൽപര്യത്തെയല്ല, നമ്മുടെ പാർടി പ്രതിനിധീകരിക്കുന്നത്. ഇത് സുവിദിതമായ വസ്തുതയത്രെ.

തൊഴിലാളിവർഗം സ്വയം വിമോചിതരാവാൻ മാത്രമല്ല മനുഷ്യസമൂഹ ത്തെയാകെ അടിച്ചമർത്തലിൽ നിന്നും ചൂഷണത്തിൽനിന്നും വിമോചിപ്പിക്കു വാൻകൂടിയാണ് സമരം ചെയ്യുന്നത്. അതുകൊണ്ട് തൊഴിലാളിവർഗ ത്തിന്റെയും മറ്റ്ബഹുജനങ്ങളുടെയും താൽപര്യം ഒന്നുതന്നെയാണ്.

ഒരു പാർടി അംഗം, പാർടിയുടെ പേരിൽ, തൊഴിലാളിവർഗത്തിന്റെയും മറ്റധ്വാനിക്കുന്നവരുടെയും താൽപര്യത്തെ പ്രതിനിധീകരിക്കുന്നു. അതുകൊണ്ടാണ് അയാളുടെ താൽപര്യം പാർടിയുടെയും വർഗത്തിന്റെയും താൽപര്യത്തിൽനിന്ന് വ്യത്യസ്തമാകാതിരിക്കുന്നത്. പാർടിയുടെയും വർഗത്തിന്റെയും വിജയമെന്നതിന്റെ അർഥം വിപ്ലവകാരിയുടെ വിജയമെന്നാണ്. പാർടിയിൽനിന്നും വർഗത്തിൽനിന്നും വേർപിരിഞ്ഞു നിൽക്കുന്ന വ്യക്തിക്ക് അയാൾ എത്രതന്നെ കഴിവുറ്റവനായാലും യാതൊന്നും

For more visit : www.classstruggleml.blogspot.com



നേടാനാകുകയില്ല.

ഏത് സന്ദർഭത്തിലും *മറ്റെന്തിനെക്കാളുമുപരിയായി പാർടിയുടെ താൽപര്യം മുറുകെപ്പിടിക്കുക* എന്നതാണ് ഒരു പാർടി അംഗത്തെ സംബന്ധിച്ചിടത്തോളം വിപ്ലവസദാചാരം. പാർടി താൽപര്യം വ്യക്തിതാൽ പര്യത്തിന് വിരുദ്ധമാണെങ്കിൽ രണ്ടാമത് പറഞ്ഞത് ആദ്യത്തേതിന് വഴിമാറിക്കൊടുക്കണം.

വ്യക്തിത്വവാദം തങ്ങളിൽ നിന്ന് പൂർണമായി കഴുകിക്കളയാ ത്തതുകൊണ്ട് ചില സഖാക്കൾ ''പാർടിക്ക് തങ്ങൾചെയ്ത സേവന''ത്തെക്കുറിച്ച് പെരുമ്പറയടിക്കുന്നു; പാർടിക്ക് തങ്ങളോട് 'നന്ദി'യുള്ളതായിരിക്കണമെന്നതാണ് അവരുടെ അവകാശവാദം. തങ്ങളോട് പക്ഷപാതവും ബഹുമാനവും തങ്ങൾക്ക് ഉയർന്നപദവിയും പ്രത്യേകാനുകൂല്യങ്ങളും വേണമെന്നവർ വാശിപിടിക്കുന്നു. ഈ ആവശ്യങ്ങൾ അംഗീകരിക്കാതിരുന്നാലോ, പാർടിയോട് അവർക്ക് അലോഹ്യമായി; തങ്ങൾക്കൊരു 'ഭാവി'യുമില്ലെന്നും തങ്ങൾ ബലികഴിക്കപ്പെട്ടിരിക്കുന്നുവെന്നും പരാതി പറഞ്ഞുതുടങ്ങുകയായി അവർ. അവർ പതുക്കെപ്പതുക്കെ, പാർടിയിൽനിന്ന് അകന്നുതുടങ്ങുന്നു; മാത്രവുമല്ല, പാർടിയുടെ നയപരിപാടികളെയും അച്ചടക്കത്തെയും തുരങ്കം വയ്ക്കാനും തുടങ്ങുന്നു അവർ.

ഒഴിവുസമരത്തിന്റെയും പ്രതിരോധയുദ്ധത്തിന്റെയും കാലത്ത് നിരവധി സഖാക്കളും യുദ്ധവീരന്മാരും ധീരോദാത്തമായി ജീവൻവെടിഞ്ഞു. നിരവധി അധ്വാനവീരന്മാരും മറ്റുതൊഴിലാളികളും ഉൽപ്പാദനം പരമാവധി വർധിപ്പിക്കുന്നതിന് തങ്ങളാലാവുന്നത് ചെയ്തിട്ടുണ്ട്. ആ സഖാക്കൾ ഒരിക്കലും പദവിയും ബഹുമാനവും ആവശ്യപ്പെട്ടിട്ടില്ല. പാർടിയുടെ നന്ദിപ്രകടനത്തിനുവേണ്ടി അവർ കാത്തിരുന്നിട്ടില്ല.

നമ്മുടെ പാർടി ഒരു ബഹുജനപ്പാർടിയാണ് — ലക്ഷക്കണക്കിന് അംഗങ്ങളുള്ള ഒരു പാർടി. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ മൂലം പാർടി അംഗങ്ങളിൽ ഭൂരിഭാഗവും പെറ്റിബൂർഷ്വാ വിഭാഗത്തിൽപ്പെടുന്നു. ഇതിൽ അദ്ഭുതകരമായി യാതൊന്നുമില്ല. ആദ്യകാലത്ത് ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം മൂലം , ചില പാർടിസഖാക്കളുടെ നിലപാടിൽ സ്ഥിരതയില്ലായ്മ ഉണ്ടായേക്കാം. അവരുടെ വിശകലനം കുഴഞ്ഞുമറിഞ്ഞതായേക്കാം. അവരുടെ ചിന്തകൾ മുഴുവൻ ശരിയായിക്കൊള്ളണമെന്നില്ല; എന്നാൽ അവർ വിപ്ലവത്തിലൂടെയും പ്രതിരോധയുദ്ധത്തിലൂടെയും പതം വരുത്തപ്പെട്ടിരിക്കുന്നു; നമ്മുടെ പാർടി അംഗങ്ങളിൽ ഭൂരിഭാഗവും നല്ല വിപ്ലവകാരികളാണ്, വിപ്ലവത്തോടും പാർടിയോടും കൂറുള്ളവരാണ്.

തെറ്റുകൾ ചെയ്യുന്ന പാർടിഅംഗങ്ങൾ ജനങ്ങളെയാകെ തെറ്റിലേക്ക് നയിക്കുമെന്ന് ആ സഖാക്കൾക്കറിയാം; അതുകൊണ്ട് തെറ്റുകൾ തിരുത്താൻ അവർ തയ്യാറായി നിൽക്കുന്നു. കൊച്ചു കൊച്ചു തെറ്റുകൾ കുന്നുകൂടി വലിയതെറ്റായി തീരാതിരിക്കാൻ അവർ സമയാസമയത്തുതന്നെ

For more visit : www.classstruggleml.blogspot.com



പ്രവർത്തിക്കുന്നു. വിമർശന-സ്വയം വിമർശനങ്ങൾ ആത്മാർഥമായി പ്രയോഗിക്കുന്നതുമൂലം അവർക്ക് എപ്പോഴും മുന്നേറാൻ കഴിയുന്നു.

ഇത് വിപ്ലവസദാചാരത്തിനനുരൂപമാണ്. പാർടി മുഴുവൻ ഒളിവിലായിരുന്ന കാലത്ത്, കൊളോണിയലിസ്റ്റുകൾ തങ്ങളുടെ കഴിവ് മുഴുവൻ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചിരുന്ന ആ ദിനങ്ങളിൽ, എണ്ണിയാലൊടുങ്ങാത്ത പ്രതിബന്ധങ്ങളെയും വിഷമതകളെയും നേരിട്ടുകൊണ്ട് ദിനംപ്രതിയെന്നോണം പാർടി വളരുകയും ശക്തിയാർജിക്കുകയും ചെയ്തു; വിപ്ലവത്തെയും പ്രതിരോധയുദ്ധത്തെയും വിജയത്തിലെത്തിച്ചു പാർടി; ഇത് അതിമൂർച്ചയുള്ള ഒരു ആയുധത്തിന്റെ, *വിമർശന-സ്വയം വിമർശനത്തിന്റെ,* ഫലപ്രദമായ പ്രയോഗത്തിലൂടെയാണ് സാധ്യമായത്.

എന്നാൽ വ്യക്തിത്വവാദത്തെ കഴുകിക്കളയാത്ത, സ്വാർഥികളും ദുരാഗ്രഹികളുമായിത്തീർന്ന തങ്ങളുടെ കഴിവുകളെക്കുറിച്ച് പെരുമ്പറയടിക്കുന്ന, ചിലർ ഇപ്പോഴും പാർടിയിലുണ്ട്. അവർ മറ്റുള്ളവരെ വിമർശിക്കും; പക്ഷെ തങ്ങൾക്കുനേരെ വിമർശനം ഉയർന്നുവരുന്നത് അവർക്ക് സഹിക്കാനാകില്ല. സ്വയം വിമർശനത്തിൽനിന്ന് ഒന്നുകിൽ അവർ മാറിനിൽക്കും. അല്ലെങ്കിൽ ആത്മാർഥതയോ ഗൗരവബോധമോ ലവലേശമില്ലാതെയായിരിക്കുമത് നടത്തുക. തങ്ങളുടെ മാന്യതയും നഷ്ടപ്പെട്ടുവെന്നാണവരുടെ ഭയം. ജനങ്ങളുടെ വികാര-വിചാരങ്ങൾ അവരൊരിക്കലും കണക്കിലെടുക്കില്ല; പാർട്യേതരവിപ്ലവകാരികളെ വിലകുറച്ചുകാണുമവർ. ഒരാളുടെ പ്രവർത്തനത്തിൽ തെറ്റുവരുത്താതിരിക്കാൻ, അത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് അവർ മനസ്സിലാക്കുന്നില്ല. തെറ്റുകളെക്കുറിച്ച് നമുക്ക് ഭയമില്ല. പക്ഷേ, അവയെ തിരുത്താതിരിക്കുന്നതാണ് നമ്മെ സംബന്ധിച്ചിടത്തോളം കൂടുതൽ അപകടകരം. അവ തിരുത്തുന്നതിന് നാം ജനങ്ങളുടെ വിമർശനങ്ങൾ ശ്രദ്ധിക്കുകയും ആത്മാർഥമായി സ്വയംവിമർശനം പ്രയോഗിക്കുകയും വേണം. അല്ലാത്തപക്ഷം നാം പുറകോട്ടടിക്കും; ജനങ്ങൾ നമ്മെ കൂടാതെ മുന്നോട്ടുപോകും. ഇതാണ് വ്യക്തിത്വവാദത്തിന്റെ ആത്യന്തികഫലം.

തൊഴിലാളിവർഗത്തിന്റെയും മറ്റധ്വാനിക്കുന്ന ബഹുജനങ്ങളുടെയും ശക്തി അപാരമാണ്. അളവറ്റതാണ്. എന്നാൽ അവർ വിജയിക്കണമെങ്കിൽ പാർട്ടി നേതൃത്വം നൽകിയേ കഴിയൂ. അതേസമയം പാർടി മറ്റ് ബഹുജനങ്ങളോടൊപ്പവും നിൽക്കണം. അവരെ സംഘടിപ്പിക്കുകയും നയിക്കുകയും ചെയ്യണം; എങ്കിൽ മാത്രമേ വിപ്ലവം വിജയിക്കൂ.

ജനങ്ങളോട് താദാത്മ്യം പ്രാപിക്കുകയും അവരെ വിശ്വസിക്കുകയും അവരുടെ അഭിപ്രായങ്ങളെ വിലമതിക്കുകയും ചെയ്യുന്നതാണ് വിപ്ലവസദാചാരം. തങ്ങളുടെ വാക്കും പ്രവൃത്തിയും കൊണ്ട് പാർടിയിലെയും യുവജനസംഘടനയിലെയും അംഗങ്ങൾ ജനങ്ങളുടെ വിശ്വാസവും ബഹുമാനവും സ്നേഹവും ആർജിക്കുകയും അവരെ പാർടിക്ക് ചുറ്റും അണിനിരത്തുകയും അവരെ സംഘടിപ്പിക്കുകയും വിദ്യാഭ്യാസം

For more visit : www.classstruggleml.blogspot.com



ചെയ്യിക്കുകയും ചെയ്യുന്നതിലൂടെ പാർടി പരിപാടികളും തീരുമാനങ്ങളും ആവേശപൂർവം നടപ്പാക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യണം.

വിപ്ലവകാലത്തും പ്രതിരോധയുദ്ധകാലത്തും നാം ചെയ്തതതാണ്.

എന്നാൽ ഇന്ന് നിരവധി സഖാക്കൾ വ്യക്തിത്വവാദത്തിന്റെ അടിമകളായിത്തീർന്നിരിക്കുന്നു. തങ്ങൾ സർവജ്ഞരാണെന്ന ദുരഭിമാനം മൂത്ത് അവർ ജനങ്ങളിൽനിന്ന് വഴുതിമാറുകയും അവരിൽനിന്ന് പഠിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്നു. തങ്ങൾ ആരേയും പഠിപ്പിക്കാൻ യോഗ്യരാണെന്നാണ് അവരുടെ ഭാവം. ജനങ്ങൾക്കിടയിലെ വിദ്യാഭ്യാസ - പ്രചാരണ-സംഘടനാപ്രവർത്തനങ്ങളിൽ ഭാഗഭാക്കാവാൻ അവർ വിസമ്മതിക്കുന്നു. ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിന്റെ ഏറ്റവും നല്ല മാതൃകയാണവർ. തൽഫലമായി ജനങ്ങൾ അവരെ വിശ്വസിക്കുകയോ ബഹുമാനിക്കുകയോ സ്നേഹിക്കുകയോ ചെയ്യുന്നില്ല. അവർ ഒന്നിനും കൊള്ളാത്തവരായിത്തീരുന്നു.

നമ്മുടെ രാജ്യത്തിന്റെ വടക്കൻ ഭാഗങ്ങൾ സോഷ്യലിസത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിനുള്ള അധ്വാനിക്കുന്നവരുടെ സ്വപ്നമാണ്, നമ്മുടെ പാർടിയുടെ നേതൃത്വത്തിലുള്ള അധ്വാനിക്കുന്ന ബഹുജനങ്ങളുടെ സംഘടിതശക്തിയാണത് സാക്ഷാത്കരിക്കുന്നത്. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള വിലങ്ങുതടിയാണ് വ്യക്തിത്വവാദം. അതുകൊണ്ട് സോഷ്യലിസത്തിന്റെ വിജയത്തെ വ്യക്തിത്വ നിർമാർജനം ചെയ്യുന്നതിനുള്ള സമരത്തിൽനിന്ന് വേർതിരിച്ചു കാണാനാവില്ല.

വ്യക്തിത്വവാദത്തിനെതിരെ സമരംചെയ്യുകയെന്നതിന്റെ അർഥം, വ്യക്തിതാൽപര്യങ്ങളിൽ കൈകടത്തുകയെന്നല്ല. ഓരോരുത്തർക്കും സ്വന്തം വ്യക്തിത്വമുണ്ട്. സ്വകാര്യജീവിതമുണ്ട്. കുടുംബമുണ്ട്, ഇഷ്ടാനിഷ്ടങ്ങളുണ്ട്. വ്യക്തിതാൽപര്യങ്ങൾ സമൂഹതാൽപര്യങ്ങൾക്ക് വിരുദ്ധമാകാത്തിടത്തോളംകാലം അപകടമൊന്നുമില്ല. എന്നാൽ സോഷ്യലിസ്റ്റ്ഭരണത്തിൽ മാത്രമേ വ്യക്തിക്ക് അവന്റെ സ്വകാര്യജീവിതം മെച്ചപ്പെടുത്താനും സ്വന്തം വ്യക്തിത്വം വികസിപ്പിക്കാനും കഴിയൂ എന്നും ഓർക്കണം.

സോഷ്യലിസത്തിന് തുല്യമായ മറ്റൊരു സാമൂഹ്യവ്യവസ്ഥയുമില്ല. കമ്യൂണിസം മനുഷ്യനെ ബഹുമാനിക്കുകയും അവന്റെ ന്യായമായ വ്യക്തിതാൽപര്യങ്ങൾ ശ്രദ്ധിക്കുകയും അവ സാധിതമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കർഷകവർഗഭരണത്തിലുള്ള സമൂഹത്തിൽ ആ വർഗത്തിൽപ്പെട്ട ചുരുക്കം ചിലരുടെ വ്യക്തിതാൽപര്യം മാത്രമേ സംരക്ഷിക്കപ്പെടുന്നുള്ളൂ. അധ്വാനിക്കുന്ന ബഹുജനങ്ങളുടെ താൽപര്യങ്ങളെല്ലാം ചവിട്ടിയരയ്ക്കപ്പെടുന്നു. അധ്വാനിക്കുന്നവർ യജമാനൻമാരായ സോഷ്യലിസ്റ്റ്-കമ്യൂണിസ്റ്റ് വ്യവസ്ഥകളിൽ ഓരോ വ്യക്തിയും സമൂഹത്തിന്റെ ഭാഗമാണ്. അവന് നിർദിഷ്ടപങ്ക് വഹിക്കാനുണ്ട്. അവൻ അതിലേക്ക് തന്റെ സംഭാവന നൽകുകയും ചെയ്യുന്നു. അതുകൊണ്ട് വ്യക്തിതാൽപര്യങ്ങൾ പൊതുതാൽപര്യങ്ങളുടെ ഭാഗമായിത്തീരുന്നു. പൊതുതാൽപര്യം സംരക്ഷിതമാകുമ്പോൾ മാത്രമേ വ്യക്തിതാൽപര്യം സംരക്ഷിക്കപ്പെടൂ.

For more visit : www.classstruggleml.blogspot.com



വ്യക്തിതാൽപര്യം പൊതുതാത്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അവ തമ്മിൽ എന്തെങ്കിലും വൈരുധ്യമുളവാകുകയാണെങ്കിൽ വ്യക്തിതാൽപര്യം പൊതുതാൽപര്യത്തിന് വഴങ്ങിക്കൊടുക്കണമെന്ന് വിപ്ലവസദാചാരം അനുശാസിക്കുന്നു.

വിപ്ലവം അവിരാമമായി മുന്നോട്ടുപോകുന്നു. പാർടിയും വിപ്ലവകാരിയും ആ പാത പിന്തുടരണം.

വിപ്ലവപ്രസ്ഥാനം ലക്ഷക്കണക്കിനു ജനങ്ങളെ ഉൾക്കൊള്ളുന്നു; വിപ്ലവപ്രവർത്തനം ആയിരക്കണക്കിന് സങ്കീർണവും വിഷമകരവുമായ കടമകളുൾപെട്ടതാണ്. എല്ലാ സങ്കീർണ പരിതഃസ്ഥിതികളെയും വിലയിരുത്തുന്നതിനും വൈരുധ്യങ്ങളെ വ്യക്തമായി കാണുന്നതിനും വിവിധ പ്രശ്നങ്ങളെ ശരിയായ രീതിയിൽ പരിഹരിക്കുന്നതിനും നാം *മാർക്സിസം–ലെനിനിസം പഠിക്കാൻ ശ്രമിക്കണം.*

അങ്ങനെ ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് വിപ്ലവസദാചാരം പരിപുഷ്ടിപ്പെടുത്താനും നിലയുറപ്പിക്കാനും താത്വികവും രാഷ്ട്രീയവുമായ നിലവാരം ഉയർത്താനും പാർടി ഏൽപ്പിച്ച കടമകൾ പൂർത്തീകരിക്കാനും കഴിയൂ.

മാർക്സിസം–ലെനിനിസം പഠിക്കുകയെന്നാൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടതിന്റെ രീതി പഠിക്കലാണ്, മറ്റുള്ളവരുമായി ഇടപെടുന്നതെങ്ങനെയെന്ന് പഠിക്കലാണ്, സ്വന്തം പ്രവർത്തനങ്ങളെ, പഠിക്കലാണ്. സാർവലൗകികമായ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് സത്യങ്ങളെ ക്രിയാത്മകമായി നമ്മുടെ രാജ്യത്തെ പരിതഃസ്ഥിതികളിൽ പ്രയോഗിക്കുന്നതെങ്ങനെയെന്ന് പഠിക്കലാണ്. ഒരു പ്രവർത്തന വീക്ഷണത്തോടെ വേണം നാം പഠിക്കേണ്ടത്. സിദ്ധാന്തം പ്രായോഗികമായി കൈകോർത്തുപിടിച്ച്പോകണം.

എന്നാൽ ചില സഖാക്കൾ മാർക്സിസം–ലെനിനിസത്തിന്റെ ചിലപാഠപുസ്തകങ്ങൾ കാണാപ്പാഠം പഠിക്കുക മാത്രമേ ചെയ്യുന്നുള്ളു. തങ്ങൾക്ക് മറ്റാരേയുംകാൾ നന്നായി മാർക്സിസം–ലെനിനിസം അറിയാമെന്നാണവരുടെ ഭാവം. എന്നാൽ പ്രായോഗികപ്രശ്നങ്ങൾ മുമ്പിൽ വന്നു ചാടുമ്പോൾ അവർ ഒന്നുകിൽ യാന്ത്രികമായി പ്രവർത്തിക്കുന്നു; അല്ലെങ്കിൽ ആകെ ചിന്താക്കുഴപ്പത്തിലാകുന്നു. അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ യാതൊരു പൊരുത്തവുമില്ല; അവർ മാർക്സിസം–ലെനിനിസത്തിന്റെ പുസ്തകങ്ങൾ പഠിക്കുന്നുണ്ടെങ്കിലും അതിന്റെ സത്ത ഉൾക്കൊള്ളുന്നില്ല. തങ്ങളുടെ പാണ്ഡിത്യം പ്രകടിപ്പിക്കാൻ മാത്രമേ അവർക്കാഗ്രഹമുള്ളു. അതിനെ വിപ്ലവപ്രവർത്തനവുമായി കൂട്ടിയിണക്കണമെന്നില്ല അവർക്ക്. ഇതും *വ്യക്തിത്വവാദ*മാണ്.

വ്യക്തിത്വവാദം നൂറുകണക്കിന് രോഗങ്ങളുടെ ഉറവിടമാണ് — ഉദ്യോഗസ്ഥദുഷ്പ്രഭുത്വം, വരട്ടുതത്വവാദം, നേതൃത്വവാദം, അഴിമതി, ധൂർത്ത്... അത് അതിന്റെ ഇരയെ അന്ധനാക്കുന്നു. ഓരോ പ്രവൃത്തിയും മാന്യതക്കും യശസിനും സ്ഥാനത്തിനും വേണ്ടിയുള്ളതായിത്തീരുന്നു. വർഗത്തിന്റെയോ

For more visit : www.classstruggleml.blogspot.com



ജനങ്ങളുടെയോ താൽപ്പര്യത്തിനുവേണ്ടിയുള്ളതല്ലാതാകുന്നു.

വ്യക്തിത്വവാദം സോഷ്യലിസത്തിന്റെ ക്രൂരമായ ശത്രുവാണ്. വിപ്ലവകാരി അതിൽനിന്ന് വേറിട്ടുനിൽക്കണം.

ഇന്നത്തെ സ്ഥിതിയിൽ പാർടിയുടെയും ജനങ്ങളുടെയും കടമ ഉൽപ്പാദന വർധനവിന് ശ്രമിക്കലും വടക്കൻ പ്രദേശത്തെ ശക്തമാക്കാൻ പിശുക്ക് പ്രയോഗിക്കലും അതിനെ സോഷ്യലിസത്തിലേക്ക് നയിക്കലും രാജ്യത്തിന്റെ പുനരേകീകരണത്തിനായി അതിനെ ഒരു ശക്തമായ താവളമാക്കി മാറ്റലുമാണ്. ഇത് അതിമഹത്തായ കടമയാണ്: പാർടിയുടെയു യുവജനസംഘടനയുടെയും എല്ലാ അംഗങ്ങളും പാർടിക്കുള്ളിലെയും പുറത്തെയും എല്ലാ കേഡർമാരും പാർടിക്കും ജനങ്ങൾക്കും വേണ്ടി തങ്ങളുടെ ജീവിതം മുഴുവൻ ഉഴിഞ്ഞുവയ്ക്കാൻ തയ്യാറാവണം. ഇത് വിപ്ലവകാരിയുടെ മഹത്തായ ഗുണമാണ്: വിപ്ലവസദാചാരം. ഇതാണ് പാർടിബോധം. ഇതാണ് വർഗബോധം. പാർടിയുടെയും വർഗത്തിന്റെയും ജനങ്ങളുടെയും വിജയം സുനിശ്ചിതമാക്കുന്നതിതാണ്.

വിപ്ലവസദാചാരം ആകാശത്തുനിന്ന് പൊട്ടിവീഴുന്നതൊന്നുമല്ല. ദൈനംദിനസമരത്തിലൂടെയും പരിശ്രമത്തിലൂടെയുമാണ് അത് വികസിക്കുന്നതും വളരുന്നതും. പവിഴം പോലെ, തുടയ്ക്കുംതോറും അതിന്റെ ശോഭ കൂടുന്നു. സ്വർണംപോലെ പഴുപ്പിക്കുംതോറും അതിന്റെ ഗുണം കൂടുന്നു.

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനും മനുഷ്യസമൂഹത്തെ മോചിപ്പിക്കുന്നതിനും വേണ്ടി സംഭാവനകൾ നൽകുന്നതിനായി വിപ്ലവസദാചാരബോധം വളർത്തുന്നതിനേക്കാൾ ആനന്ദകരമായി എന്തുണ്ട്?

പാർടിയിലെയും യുവജനസംഘടനയിലെയും എല്ലാ അംഗങ്ങളും പാർടിക്കുള്ളിലെയും പുറത്തെയും എല്ലാ കേഡർമാരും ഈ വഴിക്ക് പ്രവർത്തിക്കുമെന്നും മുന്നോട്ടുപോകുമെന്നും ഞാൻ ആത്മാർഥമായി ആശിക്കുന്നു.

For more visit : www.classstruggleml.blogspot.com

# പഠനവും പ്രവർത്തനവും

*ഗുയൻ ഐക്വാക് സ്കൂൾ ബ്രാഞ്ച് 1–ന്റെ ആദ്യത്തെ താത്വിക പഠനകോഴ്സ് 1957 സപ്തംബർ 7നാണാരംഭിച്ചത്. വിയത്നാം വർക്കേഴ്സ്പാർടി കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആദ്യത്തെ ദീർഘകാല താത്വികപഠനകോഴ്സാണിത്. പാർടികേഡർമാരുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ നിലവാരം ഉയർത്തുകയും ദൃഢീകരിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടോടുകൂടി ആരംഭിക്കപ്പെട്ട ഇത് മോസ്കോവിലെ ലെനിൻ സ്കൂളിന്റെ മാതൃകയിലുള്ളതായിരുന്നു.*

താത്വികപഠനത്തിനായുള്ള പാർടിസ്കൂൾ ഇന്നാരംഭിക്കുകയാണ്. ഈ ഉദ്യമം നിങ്ങൾ വിജയിപ്പിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു; സ്കൂളിന് വിജയമാശംസിക്കുകയും ചെയ്യുന്നു.

## നാം എന്തിന് താത്വികകാര്യങ്ങൾ പഠിക്കണം?

പാർടിയുടെ വിപ്ലവപരമായ കടമകളുടെയും പ്രായോഗിക പരിതഃസ്ഥിതികളുടെയും ആവശ്യങ്ങളെ നേരിടാനുതകത്തക്കവിധം കേഡർമാരുടെ വിജ്ഞാനനിലവാരം ഉയർത്താൻ വേണ്ടിയാണ് നമ്മുടെ പാർടി താത്വികസ്കൂൾ സ്ഥാപിച്ചത്. ഇതുവഴി പാർടി പ്രവർത്തനം മെച്ചപ്പെട്ടനിലയിൽ മുന്നോട്ടുകൊണ്ടുപോകാനും അതിന്റെ മഹത്തായ വിപ്ലവകടമകൾ നിർവഹിക്കാനുമുള്ള കഴിവ് അതിന് കൈവരും.

നമ്മുടെ പാർടി ഒരു മാർക്സിസ്റ്റ് — ലെനിനിസ്റ്റ് പാർടിയാണ് : ദീർഘകാലത്തെ കടുത്ത സമരങ്ങളിലൂടെ പരീക്ഷണവിധേയമായതും ഊട്ടി ഉറപ്പിക്കപ്പെട്ടതുമാണത്. അതുകൊണ്ടുതന്നെ പ്രബലമായ പല വശങ്ങളും അതിനുണ്ട്. മാർക്സിസം–ലെനിനിസത്തോടും തൊഴിലാളിവർഗസാർവദേശീയതയ്ക്കുമുള്ള കൂറ്, പോരാടാനുള്ള നിശ്ചയദാർഢ്യം, വിപ്ലവവീര്യം, പരമ്പരാഗതമായ ഐക്യദാർഢ്യവും യോജിപ്പും എന്നിവ അതിനുദാ

For more visit : www.classstruggleml.blogspot.com



ഹരണങ്ങളാണ്. അതേസമയം പല ദുർബലവശങ്ങളും നമ്മുടെ പാർടിക്കുണ്ട്. അതിൽവച്ച് ഏറ്റവും വലിയ ഒന്ന് പ്രത്യയശാസ്ത്രപരമായ ധാരണയുടെ താഴ്ന്നനിലവാരമാണ്. പ്രബലമായ പലവശങ്ങളും ഉള്ളതിനാൽ നമ്മുടെ പാർടി വിപ്ലവത്തെ മഹത്തും മൗലികവുമായ വിജയത്തിലെത്തിച്ചു. മറുവശത്താകട്ടെ പ്രത്യയശാസ്ത്രപരമായ അതിന്റെ താഴ്ന്ന നിലവാരം ഹേതുവായി പുതുതും കുഴഞ്ഞുമറിഞ്ഞതുമായ വിപ്ലവകടമകളെ അഭിമുഖീകരിക്കുമ്പോൾ നമ്മുടെ പാർടിനേതൃത്വത്തെ സംബന്ധിച്ചിടത്തോളം അമ്പരപ്പും പാളിച്ചകളും അനിവാര്യമാണ്, ഉദാഹരണമായി, ഭൂപരിഷ്കാരം നടപ്പാക്കുന്നതിലും സംഘടനാപരമായ നീക്കുപോക്കുകൾ വരുത്തുന്നതിലും സാമ്പത്തികനടത്തിപ്പിലും നമുക്ക് തെറ്റുപറ്റുകയുണ്ടായി.

**ഇന്നിപ്പോൾ നമ്മുടെ പാർടിയുടെ വിപ്ലവകടമകളെന്തൊക്കെയാണ് ?**

ദേശീയതലത്തിൽ ഒരു ദേശീയ ജനകീയജനാധിപത്യ വിപ്ലവത്തിന്റെ കടമകൾ ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. വടക്കൻ ഭാഗത്തുമാത്രമാണ്, പൂർണമായും മോചിപ്പിച്ച് സമാധാനം പുനഃസ്ഥാപിച്ചശേഷം സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിലേക്ക് കാലെടുത്തുവച്ചിട്ടുള്ളത്. തെക്കൻഭാഗത്ത് ദേശീയ ജനകീയജനാധിപത്യവിപ്ലവത്തിന്റെ കടമകൾ നാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ദേശീയൈക്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുകയുമാണ്. സോഷ്യലിസമെന്നത് പ്രബലമായ ഒരു ലോകവ്യവസ്ഥയായിക്കഴിഞ്ഞിരിക്കുകയാണ്. സമാധാനം, ജനാധിപത്യം , ദേശീയവിമോചനം എന്നിവക്കുവേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ പദവി ഉയർന്നുവരികയാണ്. വിമോചിത വടക്കൻ മേഖല കെട്ടിപ്പടുക്കുകയും ദൃഢീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. തെക്കൻമേഖലകളിൽ നമ്മുടെ ജനത ചെറുത്തുനിൽപ്പുയുദ്ധത്തിലൂടെയും കഴിഞ്ഞ മൂന്നുകൊല്ലമായി നടന്നുവരുന്ന സമാധാനപരമായ സമരത്തിലുടെയും കരുത്താർജിച്ചിരിക്കുന്നു. എന്നിരിക്കലും ഈ കടമകളെ സംബന്ധിച്ചിടത്തോളം ഒട്ടേറെ വൈഷമ്യങ്ങളും സങ്കീർണമായ വശങ്ങളും അതിനുണ്ട്. ഉദാഹരണമായി സാർവദേശീയവും ആഭ്യന്തരവുമായ പരിതഃസ്ഥിതികളിലുളവാകുന്ന മാറ്റങ്ങൾക്കനുസൃതമായി നമ്മുടെ ഭാഗത്തുനിന്ന് ശരിയായ ലൈനും തത്വങ്ങളും പ്രവർത്തനരീതിയും ഉണ്ടാവേണ്ടതായുണ്ട്. നമ്മുടെ ശത്രു തികഞ്ഞ പിശാചാണ്. ദേശീയപുനരേകീകരണത്തിനുവേണ്ടിയുള്ള സമാധാനപരമായ മാർഗത്തിലൂടെയുള്ള സമരം സുദീർഘവും കടുത്തതുമായിരിക്കുമെന്ന് നമ്മുടെ കേഡർമാരും ജനങ്ങളും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. നമ്മുടെ പാർടി അതിന്റെ പ്രത്യയശാസ്ത്ര പരമായ ധാരണ വളർത്തേണ്ടതിന്റെ ആവശ്യകതയാണിത് കാണിക്കുന്നത്. അതിനായി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പഠനം പാർടിക്കുള്ളിലാകെ നടത്തേണ്ടതായിട്ടുണ്ട്. ഒന്നാമതായും ഉന്നതതലത്തിലുള്ള കേഡർമാർക്കിടയിലാണത് നടത്തേണ്ടത്.

വടക്കൻ പ്രദേശം സോഷ്യലിസത്തിലേക്കുള്ള പരിവർത്തന ദശയിലാണ്. സോഷ്യലിസ്റ്റ് വിപ്ലവം അങ്ങേയറ്റം വിഷമം പിടിച്ചതും ദൂരവ്യാപകമാറ്റം ഉളവാക്കുന്നതുമാണ്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ

For more visit : www.classstruggleml.blogspot.com



ഇന്നേവരെ കാണാത്ത, തികച്ചും പുതുതായ ഒരു സമൂഹത്തെയാണ് നമുക്ക് കെട്ടിപ്പടുക്കേണ്ടതായിട്ടുള്ളത്. സഹസ്രാബ്ദങ്ങളായി തുടർന്നുവരുന്ന ആചാരങ്ങളും ശീലങ്ങളും ചിന്താരീതിയും മുൻവിധികളും നമുക്ക് അടിമുടി മാറ്റിമറിക്കേണ്ടിയിരിക്കുന്നു. പഴയ ഉൽപ്പാദനബന്ധങ്ങൾ നമുക്ക് മാറ്റിത്തീർക്കേണ്ടതായുണ്ട്. ചൂഷകവർഗങ്ങളെ ഇല്ലായ്മ ചെയ്യേണ്ടതുണ്ട്. ചൂഷണവും മർദനവുമില്ലാത്ത ഒരു പുതിയബന്ധം സ്ഥാപിക്കേണ്ടതായുണ്ട്. അതിനാൽ പിന്നോക്കം നിൽക്കുന്ന ഒരു കാർഷിക രാജ്യമെന്ന നിലയിൽനിന്ന് ഒരു വ്യാവസായിക രാജ്യമാക്കി നമ്മുടെ രാജ്യത്തെ ക്രമേണ മാറ്റിയെടുക്കേണ്ടതായുണ്ട്. കാർഷിക രംഗത്ത് പടിപടിയായി കൂട്ടുകൃഷി സമ്പ്രദായം നടപ്പാക്കേണ്ടതായുണ്ട്. സ്വകാര്യവ്യവസായം, വാണിജ്യം, കൈത്തൊഴിൽ എന്നിവയ്ക്ക് സാമൂഹ്യപരിവർത്തനത്തിലൂടെ കടന്നുപോകേണ്ടതായുണ്ട്. അജ്ഞതയും ദാരിദ്ര്യവും നിറഞ്ഞ നമ്മുടെ രാജ്യത്തെ ഉയർന്ന സംസ്കാരവും സന്തുഷ്ടിയും സുഖവും നിറഞ്ഞ ഒരു രാജ്യമാക്കി മാറ്റണം.

നമ്മുടെ രാജ്യത്തിന്റെ പ്രത്യേക പരിതഃസ്ഥിതിയിൽ വേണം ഈ കടമകൾ ഏറ്റെടുക്കാൻ. അതായത് വളരെ പിന്നോക്കം നിൽക്കുന്നതും കൊളോണിയൽ ആധിപത്യത്തിൽനിന്നും ഫ്യൂഡൽവാഴ്ചയിൽനിന്നും പുതുതായി സ്വാതന്ത്ര്യം നേടിയതും രണ്ടുമേഖലകളായി വിഭജിക്കപ്പെട്ടതുമായ ഒരു രാജ്യം എന്ന അടിസ്ഥാനത്തിൽ വേണം ഈ കടമകൾ നിർവഹിക്കാൻ.

ഇത്തരമൊരു പരിതഃസ്ഥിതിയിൽ സോഷ്യലിസത്തിലേക്ക് ക്രമപ്രവൃദ്ധമായും അതിവേഗത്തിലും മുന്നേറുന്നതിന് നാം കൈക്കൊള്ളേണ്ട പ്രവർത്തനരീതിയും രൂപവും എന്തായിരിക്കണം? ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ പാർടി അഭിമുഖീകരിക്കുന്ന പ്രശ്നം അതാണ്. താരതമ്യേന കുറഞ്ഞ തെറ്റുകളും തപ്പിത്തടയലുകളും മാത്രം വരുത്തിവച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹോദരരാജ്യങ്ങളുടെ അനുഭവപാഠങ്ങൾ നാം ഉൾക്കൊള്ളുകയും ക്രിയാത്മകമായി അവ എടുത്തുപ്രയോഗിക്കുകയും വേണം. നമ്മുടെ പാർടിയുടെ അനുഭവപാഠം ക്രോഡീകരിക്കുന്നതിന് നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതകൾ ശരിയാംവണ്ണം വിശകലനം ചെയ്യുന്നതിന്, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നിലപാടും വീക്ഷണവും മാതൃകയും എടുത്തുപ്രയോഗിക്കുന്നതിന്, നാം മാർക്സിസ്റ്റ് - ലെനിനിസ്റ്റ് പരിശീലനം ഊർജിതപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ മാർഗത്തിലൂടെ വിയത്നാമീസ് വിപ്ലവത്തിന്റെ വികാസനിയമങ്ങൾ ഗ്രഹിക്കുകയും നമ്മുടെ രാജ്യത്തിന്റെ പരിതഃസ്ഥിതികൾക്കനുയോജ്യമായ വിധത്തിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ലൈൻ, മാർഗനിർദേശകതത്വങ്ങൾ, സമൂർത്തനടപടികൾ എന്നിവ ആവിഷ്കരിക്കുകയും ചെയ്യുന്നതിൽ ക്രമപ്രവൃദ്ധമായ വിജയം കൈവരിക്കാൻ നമുക്കു കഴിയും. അങ്ങനെ പാർടിയുടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിജ്ഞാനത്തിന്റെ പൊതുനിലവാരം ഉയർത്തണം. അതിനാണ് പ്രാഥമികമായും ഉന്നതതലത്തിലുള്ള കേഡർമാരെ ഉദ്ദേശിച്ചുകൊണ്ടുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിദ്യാഭ്യാസം പാർടി നടത്തുന്നത്.

നേരെമറിച്ച് സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ദശയിൽ പാർടി

For more visit : www.classstruggleml.blogspot.com



മറ്റെന്നെത്തേക്കാളും സുശക്തമായിരിക്കണം. പാർടിമെമ്പർമാർ തന്നെത്താൻ മാറുകയും അവയുടെ നിലവാരം ഉയർത്തപ്പെടുകയും ചെയ്യാത്തപക്ഷം സമൂഹത്തെ മാറ്റിത്തീർക്കാനാവില്ല. പാർടി മെമ്പർമാരും കേഡർമാരും അടിയുറച്ച തൊഴിലാളിവർഗ നിലപാടും ഉയർന്ന സോഷ്യലിസ്റ്റ് ബോധവും ഉള്ളവരാകണമെന്നാണ് സോഷ്യലിസ്റ്റ് വിപ്ലവം ആവശ്യപ്പെടുന്നത്. ചൂഷകവർഗങ്ങളുടെ ആശയങ്ങളുടെ സ്വാധീനവും താൻപ്രമാണിത്തവും തൂത്തുമാറ്റി ശുദ്ധമാക്കി കൂട്ടായ മനോഭാവം ഊട്ടിയുറപ്പിക്കണമെന്നാണ് അതാവശ്യപ്പെടുന്നത്. ജനസാമാന്യവുമായി അടുത്ത സമ്പർക്കം പുലർത്തുന്നതും അതുവഴി സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൽ ജനസാമാന്യത്തിന്റെ സർഗാത്മകത അതിന്റെ പൂർണതയിലേക്ക് വികസിപ്പിച്ചെടുക്കുന്നതിനും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തെയും സങ്കുചിതാ മനോഭാവത്തെയും കീഴ്പ്പെടുത്തിയേ തീരൂ. എന്തുകൊണ്ടെന്നാൽ സമ്പൂർണ ബോധവാന്മാരായ ജനലക്ഷങ്ങളുടെ ക്രിയാത്മകമായ അധ്വാനം കൊണ്ടുമാത്രമേ സോഷ്യലിസം കെട്ടിപ്പടുക്കാനാവൂ. അതിനാൽ പാർടിയുടെ ആശയപരമായ പൊതുനിലവാരം ഉയർത്തണം. അതിനാണ് പാർടിക്കകത്ത് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പഠനം, ആദ്യമായും ഉന്നതതലത്തിലുള്ള കേഡർമാർക്കിടയിൽ നടത്തുന്നത്.

അങ്ങനെ മാർക്സിസ്റ്റ്- ലെനിനിസ്റ്റ് പഠനം നമ്മുടെ പാർടിയുടെ ഒരു അടിയന്തരാവശ്യമായിരിക്കയാണ്.

## നമ്മുടെ പാർടിയെ സംബന്ധിച്ചിടത്തോളം സിദ്ധാന്തത്തിന്റെ പ്രാധാന്യമെന്താണ്?

നമ്മുടെ ഏറ്റവും മഹാനായ, ആചാര്യനായ ലെനിൻ സിദ്ധാന്തത്തിന്റെ പ്രാധാന്യം ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു: ''ഒരു വിപ്ലവസിദ്ധാന്തം കൂടാതെ ഒരു വിപ്ലവപ്രസ്ഥാനം ഉണ്ടാകുക സാധ്യമല്ല" "ഒരു മുന്നണി സിദ്ധാന്തത്താൽ മാർഗനിർദേശം നൽകി നയിക്കപ്പെടുന്ന ഒരു പാർടിക്കുമാത്രമേ മുന്നണിപ്പോരാളികളുടെ പങ്ക് നിർവഹിക്കാൻ കഴിയുകയുള്ളൂ." സോവിയറ്റ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർടി , മാനവരാശിയുടെ മോചനത്തിന്റെ പാത ആദ്യമായും ജാജ്വല്യമാനമാക്കിയ ആദ്യത്തെ പാർടി, സിദ്ധാന്തത്തിൽ സർവഥാ ശ്രദ്ധപതിപ്പിച്ചുപോന്നിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ കമ്യൂണിസത്തിലേക്കുള്ള ശരിയായ പാത കാട്ടിക്കൊടുക്കുന്നത് സിദ്ധാന്തമാണെന്ന കാര്യത്തിൽ ബോധവാൻമാരായിരുന്നു അവർ.

ചൈനീസ് കമ്യൂണിസ്റ്റ് പാർടി–ഒരർധകൊളോണിയൽ, അർധഫ്യൂഡൽ രാജ്യത്തെ കമ്യൂണിസ്റ്റ് പാർടിയുടെ മാതൃകയാണത്— വളരെ മുമ്പുതന്നെ സിദ്ധാന്തത്തിൽ വലിയ ശ്രദ്ധപതിപ്പിച്ചുപോന്നിട്ടുണ്ട്. നേതൃത്വപദവിയിലുള്ള പാർടികേഡർമാരിൽ നൂറോ ഇരുന്നൂറോ പേർ ചിട്ടയോടുകൂടിയും പ്രയോഗക്ഷമമായും മാർക്സിസം-ലെനിനിസം പഠിക്കുന്നതിൽ വിജയിക്കുകയാണെങ്കിൽ ജാപ്പനീസ് സാമ്രാജ്യത്തെ പരാജയപ്പെടുത്താൻ അവർക്ക് കഴിയുമെന്ന് കണക്കാക്കാവുന്നതാണെന്നാണ് മൗ സെ ദോങ്

For more visit : www.classstruggleml.blogspot.com



പറഞ്ഞത്. അനുഭവങ്ങളെ ക്രോഡീകരിച്ചു കൊണ്ട് എട്ടാം പാർടി കോൺഗ്രസ് ചെന്നെത്തിയ നിഗമനം, പാർടി നേതൃത്വം നല്ലതോ ചീത്തയോ എന്നത് ഉന്നതതലത്തിലുള്ള കേഡർമാർക്ക് മാർക്സിസം-ലെനിനിസത്തിൽ ലഭിച്ച പരിശീലനം നല്ല നിലയ്ക്കുള്ളതാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു വെന്നതാണ്. അതിൽപിന്നെ മെച്ചപ്പെട്ട പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം മർമപ്രധാനമായ വശം പാർടികേഡർമാർക്കും മെമ്പർമാർക്കും വേണ്ടി നടത്തുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പഠനമായിത്തീർന്നു.

സഹോദര രാജ്യങ്ങളുടെ അനുഭവപാഠങ്ങളിലൂടെ സർവാത്മനാ നാം കാണുന്നത് പാർടിയെ സംബന്ധിച്ചിടത്തോളം പ്രധാനമായും ഉന്നതതലത്തിലുള്ള കേഡർമാരെ സംബന്ധിച്ചിടത്തോളം താത്വിക പഠനം എത്രമേൽ അടിയന്തര പ്രാധാന്യമുള്ള ഒരാവശ്യമാണെന്നുള്ളതാണ്.

## താത്വികപഠനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ കേഡർമാരുടെ സമീപനമെന്താണ്?

ഇന്നത്തെപ്പോലെ അത്രയേറെ സങ്കീർണവും വലുതും വൈഷമ്യം നിറഞ്ഞതുമായ പ്രശ്നങ്ങളെ നമ്മുടെ പാർടിക്ക് മുമ്പൊരിക്കലും നേരിടേണ്ടിവന്നിട്ടില്ലെന്ന് പറയാവുന്നതാണ്. ഈ പരിത:സ്ഥിതിയിൽ തങ്ങളുടെ ദൗർബല്യം കുടികൊള്ളുന്നത് സിദ്ധാന്തത്തിന്റെ അഭാവത്തിലാണെന്ന് നമ്മുടെ കേഡർമാർ പൊതുവെ കരുതുന്നുണ്ടാവാം. തൻമൂലം താത്വികപഠനത്തിന്റെ ആവശ്യം അവർക്ക് മനസ്സിലായിട്ടുണ്ട്. തങ്ങൾക്കുവേണ്ടി താത്വികപഠനം ഏർപ്പെടുത്തണമെന്ന് അവർ പാർടിയോട് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. ഇതൊരു നല്ല ലക്ഷണമാണ്. നമ്മുടെ പാർടിയിൽ താത്വിക പഠനത്തിനുള്ള സംരംഭത്തിലേക്കുള്ള കാൽവയ്പ്പെന്ന നിലയിൽ പഠിക്കാനും വളരാനും ഉള്ള അവരുടെ പ്രകടമായ ആഗ്രഹത്തെ നാം പ്രോത്സാഹിപ്പിക്കണം. എന്നാൽ കേഡർമാരെല്ലാം ഇതിന്റെ ആവശ്യം മനസ്സിലാക്കിയിട്ടുണ്ടെന്ന് ഇതിനർഥമില്ല. ഉദാഹരണത്തിന് സിദ്ധാന്തത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ പതിവിൻപടിയുള്ള ദൈനംദിന പ്രവർത്തനത്തിൽ രാപ്പകൽ മുഴുകിക്കഴിയുന്ന ഒട്ടേറെ കേഡർമാർ ഇപ്പോഴുമുണ്ട്. അതിനാൽ പഠനത്തെ നിസാരമാക്കിക്കാണുന്നതിന്റെ അഥവാ പ്രവർത്തനവും പഠനവും കൂട്ടിയോജിപ്പിക്കാനുള്ള മാർഗം ആരാഞ്ഞുകണ്ടെത്താനുള്ള നിശ്ചയദാർഢ്യമില്ലാത്തതിന്റെ ലക്ഷണങ്ങൾ ഇപ്പോഴുമുണ്ട്.

ചില സഖാക്കൾ തങ്ങളുടെ ജോലിയെ സംബന്ധിച്ച് ഒരു ഘട്ടത്തോളം പഠനം നടത്തുന്നു. അതിനുശേഷം രേഖകൾ വായിച്ച് അതിലേക്ക് ആഴത്തിൽ ആണ്ടിറങ്ങേണ്ടിവരുമ്പോൾ തപ്പിത്തടയുന്നു. താഴ്ന്ന നിലവാരത്തിൽ മാത്രം വിദ്യാഭ്യാസം സിദ്ധിച്ചവരും വായിക്കുകയോ ഗാഢമായി ചിന്തിക്കുകയോ പതിവില്ലാത്തവരുമാണ് ഇക്കൂട്ടർ. ക്രിയാത്മകതയോടുകൂടിയല്ലാതെ ഒട്ടേറെ അനുഭവങ്ങൾ നിഷ്ഫലമായി എടുത്തു പ്രയോഗിക്കുകയാൽ താത്വിക പഠനത്തിന്റെയും സഹോദരരാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്നുള്ള പാഠം ഉൾക്കൊള്ളേണ്ടതിന്റെയും ആവശ്യകതയെ സംബന്ധിച്ച കാഴ്ചപ്പാട്

For more visit : www.classstruggleml.blogspot.com



നമുക്കില്ലാതായിത്തീരുന്നു. ഇതൊക്കെ അനുഭവജ്ഞാനമാത്രവാദത്തിന്റെ പ്രകടരൂപങ്ങളാണ്. ഇവയെ കീഴ്പ്പെടുത്തേണ്ടതുണ്ട്. ഇവയൊക്കെ റിവിഷനിസ്റ്റ് സ്വഭാവത്തിന്റെ പ്രകടനങ്ങൾ കൂടിയാണ്. ഇന്നത്തെ പ്രസ്ഥാനത്തെ താത്വികപഠനത്തിലേക്കുയർത്തുന്നതിന് ഇവയൊക്കെ സസൂക്ഷ്മം വീക്ഷിക്കേണ്ടതുണ്ട്.

താത്വികപഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാനിവിടെ പരാമർശിച്ചു കഴിഞ്ഞു. ഇനി ഞാൻ സിദ്ധാന്തവും പ്രയോഗവും തമ്മിൽ കൂട്ടിയിണക്കുന്നതിനെക്കുറിച്ചു പറയാം. സിദ്ധാന്തം വളരെയേറെ ആവശ്യമാണ്. എന്നാൽ ഒരു ചിട്ടയുമില്ലാത്ത പഠനം യാതൊരുഫലവും ഉളവാക്കുകയില്ല. അതിനാൽ സിദ്ധാന്തം പഠിക്കുമ്പോൾ തന്നെ നാം സിദ്ധാന്തം പ്രയോഗവുമായി ബന്ധിപ്പിക്കണമെന്ന കാര്യത്തിൽ ഊന്നൽ നൽകണം.

സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ഐക്യമാണ് മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വം. സിദ്ധാന്തത്തിന്റെ മാർഗനിർദേശകത്തോടുകൂടിയല്ലാത്ത പ്രയോഗം അന്ധമായ പ്രയോഗം മാത്രമാണ്. പ്രയോഗവുമായി അലിയിച്ചുചേർത്തതല്ലാത്ത സിദ്ധാന്തമാകട്ടെ വെറും സിദ്ധാന്തം മാത്രവുമാണ്. ഇക്കാരണത്താലാണ് സിദ്ധാന്തത്തിന്റെ പ്രാധാന്യത്തിൽ ഊന്നവെതന്നെ, വിപ്ലവസിദ്ധാന്തം ഒരു വരട്ടുതത്വമല്ലെന്നും വിപ്ലവപ്രവർത്തനത്തിനുള്ള വഴികാട്ടിയാണെന്നും ലെനിൻ ആവർത്തിച്ചു പറഞ്ഞത്. അത് അയവില്ലാത്ത ഒന്നല്ല; സമ്പുഷ്ടമായ സർഗാത്മകപ്രകൃതത്തോടു കൂടിയതാണ്. ജീവിതാനുഭവങ്ങളിൽനിന്ന് നവംനവങ്ങളായ അനുഭവങ്ങൾ ആർജിച്ചുകൊണ്ട് അതിനെ അനുസ്യൂതം വളർത്തിക്കൊണ്ടുവരണം. വിവിധരാജ്യങ്ങളിലെ കമ്യൂണിസ്റ്റുകാർ സ്ഥലകാലപരിതഃസ്ഥിതികൾക്ക് തികച്ചും അനുയോജ്യമായി മാർക്സിസം-ലെനിനിസത്തെ മൂർത്തരൂപത്തിൽ എടുത്ത് പ്രയോഗിക്കണം.

തൊഴിലാളിവർഗലക്ഷ്യത്തിനുവേണ്ടി സ്വയം ഉഴിഞ്ഞുവച്ച മികച്ച പോരാളികളെ പരിശീലിപ്പിച്ചെടുക്കുന്ന വിദ്യാലയമാണ് പാർടിവിദ്യാലയം. നിങ്ങളെല്ലാം പാർടിയുടെ മേലേക്കിടയിലുള്ള കേഡർമാരാണ്. നിങ്ങളുടെ താത്വികപഠനത്തിന്റെ ലക്ഷ്യം നിങ്ങളെയെല്ലാം വെറും താത്വികാചാര്യന്മാരായി മാറ്റിത്തീർക്കുകയെന്നതല്ല-നല്ല നിലക്ക് പ്രവർത്തിക്കാൻ നിങ്ങൾക്ക് കഴിവുണ്ടാക്കിത്തീർക്കുക എന്നതാണ്. ഇതിനർഥം. മാർക്സിസം-ലെനിനിസത്തിന്റെ അന്തഃസത്ത, അതിന്റെ നിലപാട്, കാഴ്ചപ്പാട്, പ്രവർത്തനരീതി എന്നിവ നിങ്ങൾ പഠിക്കണമെന്നും നമ്മുടെ വിപ്ലവപ്രവർത്തനത്തിന്റെ പ്രായോഗികപ്രശ്നങ്ങൾ തൃപ്തികരമായി പരിഹരിക്കുന്നതിന് അവ എടുത്തു പ്രയോഗിക്കണമെന്നുമാണ്.

## സിദ്ധാന്തം പ്രയോഗവുമായി കൂട്ടിയിണക്കുന്നതെങ്ങനെയാണ്?

**നാം** സിദ്ധാന്തം പഠിക്കുന്നത് അതെടുത്തു പ്രയോഗിക്കാൻ വേണ്ടിയാണ്; അല്ലാതെ സിദ്ധാന്തത്തിനുവേണ്ടിയുള്ള സിദ്ധാന്ത പഠനമല്ല;

For more visit : www.classstruggleml.blogspot.com



പിന്നീട് പാർടിയുമായി വില പേശുന്നതിനുള്ള ഒരായുധശേഖരണ മായിരിക്കരുത് അത്. എല്ലാ ദുഷ്പ്രേരണകളെയും നാം പിഴുതെറിയേണ്ടതുണ്ട്.

ഓരോ വാചകവും ഓരോ വാക്കും കാണാപ്പാഠമാക്കുകയും സാഹോദരരാജ്യങ്ങളുടെ അനുഭവപാഠങ്ങളെ യാന്ത്രികമായി എടുത്ത്പ്രയോഗിക്കുകയും ചെയ്യുക എന്നതായിരിക്കരുത് നമ്മുടെ പഠനരീതി. നമ്മുടെ രാജ്യത്തിന്റെ പ്രത്യേക പരിതഃസ്ഥിതിക്കനുസരിച്ച് നമ്മുടെ രാജ്യത്തെ യഥാർഥ വിപ്ലവപ്രശ്നങ്ങൾ വിശകലനം ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നതിനുവേണ്ടി നാം മാർക്സിസം-ലെനിനിസം പഠിക്കണം. സിദ്ധാന്തം എടുത്തു പ്രയോഗിക്കുന്നതോടൊപ്പംതന്നെ നമ്മുടെ വിപ്ലവപ്രവർത്തന ങ്ങളിൽനിന്നും പുതിയ നിഗമനങ്ങൾ ആവിഷ്കരിച്ചുകൊണ്ട് നാം അതിനെ സമ്പുഷ്ടമാക്കുകയും മെച്ചപ്പെടുത്തുകയും വേണം.

'മാനവരാശിയുടെ അനുഭവങ്ങളുടെ സമാകലനമാണ് സിദ്ധാന്തം. ചരിത്രത്തിന്റെ ഗതിയിൽ പ്രകൃതിയെയും സമൂഹത്തെയും സംബന്ധിച്ച് ആർജിച്ച വിജ്ഞാനത്തിന്റെ സമാകലനമാണത്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തമെന്നത് എല്ലാരാജ്യങ്ങളിലെയും തൊഴിലാളിവർഗ പ്രസ്ഥാന ങ്ങൾക്ക് നാളിതുവരെയുണ്ടായ അനുഭവങ്ങളുടെ സമാകലനമാണ്. സിദ്ധാന്തമെന്നത് പ്രകൃതിയുടെയും സമൂഹത്തിന്റെയും വികാസനിയമ ത്തിന്റെ ശാസ്ത്രമാണ്; മർദിതരും ചൂഷിതരുമായ ജനസാമാന്യത്തിന്റെ വിപ്ള വശാസ്ത്രമാണ്; എല്ലാ രാജ്യങ്ങളിലെയും സോഷ്യലിസ്റ്റ് വിജയത്തിന്റെ ശാസ്ത്രമാണ്; കമ്യൂണിസ്റ്റ് നിർമാണത്തിന്റെ ശാസ്ത്രമാണ് മാർക്സിസം-ലെനിനിസം എന്നാണ് സ്റ്റാലിൻ പറഞ്ഞത്.

പ്രശ്നങ്ങളും സംഗതികളിൽ അന്തർഭവിച്ച വൈരുധ്യങ്ങളും പരിഹരിക്കുക എന്നതാണ് യാഥാർഥ്യം. വിപ്ലവകാരികളായ കേഡർമാരാണ് നാം. നമ്മെ സംബന്ധിച്ചിടത്തോളം യാഥാർഥ്യമായിട്ടുള്ളത് വിപ്ലവം നമ്മുടെ മുമ്പിൽകൊണ്ടുചെന്നെത്തിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്നുള്ള താണ്. യഥാർഥ ജീവിതം അളവറ്റതാണ്. വ്യക്തിഗതമായ പ്രവർത്തനത്തിന്റെ അനുഭവപാഠങ്ങൾ, വ്യക്തിഗതമായ ചിന്ത, പാർടിയുടെ നയങ്ങളും ലൈനും, ചരിത്രപരമായ അതിന്റെ അനുഭവങ്ങൾ, രാജ്യത്തിനകത്തും ലോകത്താകെയും ഉള്ള പ്രശ്നങ്ങൾ എന്നിവ എല്ലാം ഉൾപ്പെട്ടതാണ്. നാം നമ്മുടെ പഠനത്തിൽ നിതാന്ത സമ്പർക്കം പുലർത്തേണ്ടത് ഈ യാഥാർഥ്യങ്ങളുമായിട്ടാണ്. എന്നിരുന്നാലും ഈ വിദ്യാലയത്തിൽ നാം പ്രാഥമികമായും ചെയ്യേണ്ടത് നമ്മുടെ സിദ്ധാന്തത്തെ ചിന്തയും പ്രവൃത്തിയുമായി താരതമ്യപ്പെടുത്തുകയാണ്. അതായത് നാം ആർജിച്ച സിദ്ധാന്തപാഠങ്ങൾ നമ്മുടെ പ്രവർത്തനത്തിലെ വിജയപരാജയങ്ങൾ വിശകലനം ചെയ്യാനും തെറ്റോ ശരിയോ ആയ നമ്മുടെ നിലപാട്, കാഴ്ചപ്പാട്, പ്രവർത്തനരീതി എന്നിവയുടെ ഉത്ഭവസ്ഥാനം കണ്ടെത്താനും പ്രയോജനപ്പെടുത്തണം. നാം ഇതൊക്കെ ചെയ്യുന്നത് ചുരുക്കിപ്പറഞ്ഞാൽ ഈ വക പ്രശ്നങ്ങളോടും മെച്ചപ്പെട്ട ഫലമുളവാക്കാനുതകും വിധമുള്ള നമ്മുടെ പ്രവർത്തനത്തോടും നമുക്കുള്ള സമീപനം മെച്ചപ്പെടുത്താനാണ്.

For more visit : www.classstruggleml.blogspot.com



ലോകത്തെയും സമൂഹത്തെയും മാറ്റിത്തീർക്കുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് നാം വിപ്ലവം നടത്തുന്നത്. ലോകത്തെയും സമൂഹത്തെയും മാറ്റിത്തീർക്കുന്നതിന് പ്രഥമവും പ്രധാനവുമായി വേണ്ടത് നാം സ്വയം മാറുകയാണ്. അതിനാൽ നാം സ്വയം മാറുന്നതിന് നമ്മുടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് നിലപാടും കാഴ്ചപ്പാടും പ്രവർത്തനരീതിയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒന്നാമതായും നാം നമ്മുടെ തന്നെ പ്രവർത്തനവും ചിന്തയുമായി സിദ്ധാന്തത്തെ കൂട്ടിയിണക്കണം.

നമ്മുടെ പഠനത്തിൽ നാം നമ്മുടെ രാജ്യത്തെയും ലോകത്തെയും പ്രശ്നങ്ങളിലേക്കും നമ്മുടെ പാർടിക്കു മുമ്പിലുള്ള വിപ്ളവത്തിന്റെതായ പ്രശ്നങ്ങളിലേക്കും കടമകളിലേക്കും ശ്രദ്ധകേന്ദ്രീകരിക്കണം. ഈ വക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, ശരിയായ ലൈനും പ്രവർത്തനരീതിയും കണ്ടെത്തുന്നതിന് അഥവാ നമ്മുടെ പാർടി ചെയ്തുതീർത്ത പ്രവർത്തനത്തിന്റെ അനുഭവപാഠങ്ങൾ വിശകലനം ചെയ്യുന്നതിനും വിജയപരാജയങ്ങളുടെ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും ആർജിത ധാരണകൾ പ്രയോജനപ്പെടുത്തണം. നാം നമ്മുടെ നിലപാടുറപ്പിക്കുന്നതിനും നമ്മുടെ കാഴ്ചപ്പാടിനും പ്രവർത്തനരീതിക്കും മുതൽക്കൂട്ടുണ്ടാക്കാനും ഇത് സഹായകമാവും.

എന്നാൽ താത്വികപഠനത്തിലൂടെ യഥാർഥപ്രശ്നങ്ങൾക്കെല്ലാം പരിഹാരം ആവശ്യപ്പെടുന്നതിൽനിന്ന് വിട്ടുനിൽക്കേണ്ടതത്യാവശ്യമാണ്. വിപ്ലവത്തിന്റെ പ്രയോഗം വളരെ വിപുലമാണ്. ഈ പ്രയോഗത്തിനിടക്ക് ഉയർന്നുവരുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് പാർടിയുടെ ദീർഘകാല യത്നം വേണ്ടിവരും. സിദ്ധാന്തവും പ്രയോഗവും കൂട്ടിയിണക്കുന്നതിന് അടിത്തറ പാകുക മാത്രമേ വിദ്യാലയത്തിൽ നമുക്ക് ചെയ്യാൻ കഴിയൂ. യഥാർഥജീവിതത്തിൽ നിന്ന് വിട്ടുമാറിക്കൊണ്ടുള്ള വരട്ടുതത്വവാദം ചെയ്തുവച്ച വിനകളുടെ നിരവധിപാഠങ്ങൾ സഹോദര പാർടികളുടെയും നമ്മുടെയും അനുഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. സോവിയറ്റ് കമ്യൂണിസ്റ്റ് പാർടിയുടെ ഇരുപതാം കോൺഗ്രസ് വ്യക്തിപൂജയെ വിമർശിച്ചുകൊണ്ട് പ്രത്യയശാസ്ത്രപ്രവർത്തനത്തിൽ അത് വരുത്തി വെച്ച വിനകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന്റെ ഫലമായി തെറ്റുതിരുത്തുന്നതിൽ ആ പാർടി വിജയിച്ചു. വമ്പിച്ച നേട്ടങ്ങൾ അത് കൈവരിക്കുകയും ചെയ്തു. ഇരുപതാം കോൺഗ്രസിനുശേഷം സഹോദരപാർടികൾ വരട്ടുതത്വവാദത്തിന്റെ ദുഷ്ഫലങ്ങളെ സജീവമായിത്തന്നെ തരണം ചെയ്തു. സ്വന്തം രാജ്യത്തെ പ്രത്യേകതകൾ കണക്കിലെടുക്കാതെ സഹോദരപാർടികളുടെ അനുഭവപാഠങ്ങൾ പലേടത്തും അപ്പടി യാന്ത്രികമായി പകർത്തപ്പെട്ടത് മേൽപ്പറഞ്ഞ ദുഷ്ഫലങ്ങളുടെ പ്രകടിതരൂപമാണ്. പലപ്പോഴും ചൈനീസ് കമ്യൂണിസ്റ്റ് പാർടിക്കും അതിന്റെ ലൈനിൽ തെറ്റുകൾ പറ്റിയിട്ടുണ്ട്. വരട്ടുതത്വവാദം ഹേതുവായ നഷ്ടങ്ങൾ പറ്റിയിട്ടുമുണ്ട്. അതിനെതിരായ സമരത്തിൽ മാർക്സിസം-ലെനിനിസത്തിന്റെ സാർവലൗകികസത്യത്തെ ചൈനയിലെ വിപ്ലവപ്രവർത്തനവുമായി കൂട്ടിയിണക്കുന്നതിന് മൗ സെ ദോങ്ങിന്റെ നേതൃത്വത്തിൽ ചൈനീസ് കമ്യൂണിസ്റ്റ് പാർടി വിജയിച്ചു. അങ്ങനെ ചൈനീസ്

For more visit : www.classstruggleml.blogspot.com



സമൂഹത്തിലേക്ക് ശരിയായ അടിവയ്പ് നടത്താനും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയ-പ്രയോഗ ഭണ്ഡാഗാരത്തിലേക്ക് മഹത്തായ സംഭാവനകൾ നൽകാനും ചൈനീസ് കമ്യൂണിസ്റ്റ് പാർടിക്ക് കഴിഞ്ഞു.

നമ്മുടെ രാജ്യത്തെ യഥാർഥ സ്ഥിതിഗതികളുമായി മാർക്സിസം-ലെനിനിസത്തെ കൂട്ടിയിണക്കാൻ കഴിഞ്ഞതിന്റെ ഫലമായി നമ്മുടെ പാർടിക്കും ഒട്ടേറെ വിജയങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരിക്കലും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് തത്വത്തെ വിയത്നാമിലെ വിപ്ലവ പ്രവർത്തനവുമായി പൂർണമായും കൂട്ടിയിണക്കാൻ കഴിഞ്ഞില്ല. ഇത് ഒട്ടേറെ തെറ്റുകൾ വരുത്തിവയ്ക്കുകയും ചെയ്തു — ഭൂപരിഷ്കാരം, സംഘടനയുടെ പുനഃസംവിധാനം, സാമ്പത്തിക പുനർനിർമാണം തുടങ്ങിയ കാര്യങ്ങളിലാണത് സംഭവിച്ചത്. ഇപ്പോൾ സോഷ്യലിസം കെട്ടിപ്പടുക്കുന്ന തിലാകട്ടെ സഹോദരരാജ്യങ്ങളുടെ വിലപ്പെട്ട അനുഭവപാഠങ്ങൾ ഉണ്ടെന്നിരിക്കലും അവ യാന്ത്രികമായി എടുത്തു പ്രയോഗിക്കാൻ പറ്റില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ രാജ്യത്തിന് അതിന്റേതായ പ്രത്യേകതകളുണ്ട്. സഹോദരരാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾക്കൊള്ളവെ, സ്വന്തം രാജ്യത്തിന്റെ പ്രത്യേകതകൾ അവഗണിക്കുന്നത് ഗൗരവാവഹമായ തെറ്റാണ്. അത് വരട്ടുതത്വവാദമാണ്. എന്നാൽ ദേശീയമായ പ്രത്യേകതകളുടെ പങ്കിൽ അമിതമായി ഊന്നുന്നത് സഹോദരരാജ്യങ്ങളുടെ മഹത്തും മൗലികവുമായ അനുഭവപാഠങ്ങളുടെ സാർവലൗകികമൂല്യത്തെ നിഷേധിക്കുന്നതിലേക്കും ഗുരുതരമായ റിവിഷനിസ്റ്റ് തെറ്റുകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നതി ലേക്കും നയിക്കും . അക്കാരണത്താൽ താത്വിക പഠനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുമ്പോൾ തന്നെ, സിദ്ധാന്തവും പ്രയോഗവും കൂട്ടിയിണക്കുകയെന്ന തത്വത്തിൽ എപ്പോഴും ഊന്നേണ്ടതുണ്ട്. നമുക്ക് വരട്ടുതത്വവാദത്തെ കീഴ്പ്പെടുത്തേണ്ടതായിട്ടുണ്ട്: അതേസമയം തന്നെ റിവിഷനിസത്തിനെ തിരായി ജാഗ്രത പുലർത്തേണ്ടതുണ്ട്. ചുരുക്കത്തിൽ സിദ്ധാന്തം ആവേശപൂർവം പഠിക്കേണ്ടതിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങളുടെ പഠനത്തിനിടക്ക് നിങ്ങൾ എന്തുപഠിച്ചുവോ അത് നിങ്ങളുടെ പ്രത്യയശാസ്ത്ര പ്രവർത്തനത്തിലും പാർടിയിലെ പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് അവ പരിഹരിക്കുന്നതിലും ഉപയോഗപ്പെടുത്തിയാൽ മാത്രമേ നിങ്ങൾക്കതുകൊണ്ട് സദ്ഫലം കൈവരിക്കാൻ കഴിയുകയുള്ളൂ.

സിദ്ധാന്തവും പ്രയോഗവും കൂട്ടിയിണക്കുകയെന്ന തത്വം പ്രയോഗത്തിൽ വരുത്തുകയും നിങ്ങളുടെ പഠനത്തിന്റെ ലക്ഷ്യത്തിലെത്തിച്ചേരുകയും — അതായത് സിദ്ധാന്തത്തിന് ഊന്നൽ നൽകൽ, ആശയപരമായ പരിവർത്തനം , പാർടിസ്പിരിറ്റ് പ്രബലമാക്കൽ — ചെയ്യുന്നതിന് പഠനത്തെ സംബന്ധിച്ച ശരിയായ ഒരു സമീപനം അവശ്യം ആവശ്യമാണ്.

1. വിനയാന്വിതനും സത്യസന്ധനുമായിരിക്കുക. നമ്മുടെ പാർടിയുടെ പ്രത്യയശാശാസ്ത്രപരമായ് ധാരണ തുലോം താഴ്ന്ന നിലവാരത്തിലാണ്. ഇക്കാര്യത്തിൽ താൻ കേമനാണെന്ന് ആർക്കും വീമ്പിളക്കാനാവില്ല. അതിനാൽ വിനയം, സത്യസന്ധത എന്നിവയിൽ ഊന്നേണ്ടതുണ്ട്.

For more visit : www.classstruggleml.blogspot.com



മാർക്സിസ്റ്റ്–ലെനിനിസ്റ്റ്കൃതികളിലേക്കും സഹോദരരാജ്യങ്ങളിലെ പ്രൊഫസർമാർ നൽകുന്ന പ്രസംഗങ്ങളിലേക്കും ആഴത്തിൽ ആണ്ടിറങ്ങി ച്ചെല്ലണം. അവയിൽനിന്ന് പാഠം ഉൾക്കൊള്ളാനും എന്തറിയാം, എന്തറിഞ്ഞുകൂടാ എന്ന് അംഗീകരിക്കാനുമുള്ള വിനയം ഉണ്ടാവണം. പഠനത്തിന്റെ ഒന്നാം നമ്പർ ശത്രു ഗർവ്, താൻ വലിയവനാണെന്ന ഭാവം, ആത്മസംതൃപ്തി എന്നിവയാണ്.

2. വിപ്ലവകാരികളായ കേഡർമാർ എന്തുവിലകൊടുത്തും പൂർത്തിയാക്കേണ്ട ഒരു കടമയാണ് പഠനമെന്ന് സ്വമേധയാ ബോധപൂർവം കരുതുക. അങ്ങനെ സജീവമായും തന്നെത്താൻ മുൻകൈയെടുത്തും പഠനപദ്ധതി പൂർത്തിയാക്കുക. പരിശ്രമശീലത്തിന് പ്രാധാന്യം കൽപ്പിക്കുക. പഠനത്തിൽ വൈഷമ്യങ്ങളുമായേറ്റുമുട്ടുമ്പോൾ അക്ഷീണമായി യത്നിക്കുക.

3. സ്വതന്ത്ര ചിന്തക്ക് ഊന്നൽ നൽകുക, രേഖകളുടെ കാര്യത്തിൽ അന്ധമായ വിശ്വാസമർപ്പിക്കാതെ അതിലെ ഓരോ പദവും പദാവലിയും പൂർണമായി മനസ്സിലാകാത്ത പ്രശ്നങ്ങൾ പൂർണമായി മനസ്സിലാക്കത്തക്കവിധം അവയിലേക്ക് ആഴത്തിൽ ആണ്ടിറങ്ങിച്ചെല്ലുകയും പൂർണമായി ഗ്രഹിക്കാൻ കഴിയുന്നതുവരെ സുധീരം ചർച്ചക്കുവേണ്ടി മുമ്പോട്ടുവയ്ക്കുകയും ചെയ്യുക. ഏതൊരു പ്രശ്നത്തെയും അഭിമുഖീകരിക്കുമ്പോൾ 'എന്തുകൊണ്ട്' എന്ന ചോദ്യം ചോദിക്കുക. അത് യഥാർഥ ജീവിതത്തിനും യുക്തിക്കും നിരക്കുന്നതാണോ എന്ന് ചിന്തിക്കുക: പുസ്തകങ്ങളെ അന്ധമായി അനുസരിക്കുന്നതിൽ നിന്ന് തികച്ചും വിട്ടുനിൽക്കുക. പക്വമായ ചിന്ത ഉണ്ടായേ തീരൂ.

4. സത്യത്തെ കാത്തുസൂക്ഷിക്കുക : തത്വത്തെ മുറുകെപ്പിടിക്കുക യാതൊരു തത്വദീക്ഷയുമില്ലാത്ത 'യശസു'കളും വിട്ടുവീഴ്ചകളും അനുവദിക്കാതിരിക്കുക.

5. പഠനത്തിന് അന്യോന്യം സഹായിക്കുക. ഐക്യദാർഢ്യത്തിലുള്ള അഭിലാഷത്തിൽ ഊന്നിനിന്നുകൊണ്ട് പുതിയ അടിസ്ഥാനത്തിൽ പുതിയ ഐക്യദാർഢ്യം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ധീരമായ വിമർശനങ്ങളും ആത്മാർഥമായ സ്വയംവിമർശനങ്ങളും നടത്തുക.

പഠനത്തോടുള്ള ഈ സമീപനം ഒരു ശീലമായിത്തീരണം. ഈ മാർഗത്തിലൂടെ മാത്രമേ സിദ്ധാന്തവും പ്രയോഗവും തമ്മിൽ കൂട്ടിയിണക്കുക എന്ന തത്വം സാക്ഷാത്കരിക്കാനും നിങ്ങളുടെ പഠനത്തിന് അതിന്റെ ലക്ഷ്യം കൈവരിക്കാനും കഴിയുകയുള്ളൂ. വിപ്ലവത്തിന്റെ സമൂർത്തമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റ്– ലെനിനിസ്റ്റ് നിലപാടും കാഴ്ചപ്പാടും പ്രവർത്തനരീതിയും എടുത്തുപ്രയോഗിക്കാൻ കെൽപ്പുറ്റ കേഡർമാരെ പരിശീലിപ്പിച്ചെടുക്കാൻ കഴിയുകയുള്ളൂ.

എന്റെ അഭിപ്രായങ്ങൾ ഇതൊക്കെയാണ്. നിങ്ങളുടെ പരിശോധനക്കായി ഞാനിവ നിങ്ങളുടെ മുമ്പാകെ വയ്ക്കുന്നു. സ്കൂളിന് വീണ്ടും വിജയമാശംസിക്കുന്നു.

For more visit : www.classstruggleml.blogspot.com

# വിപ്ലവകാരികളുടെ സദാചാരം

**ഹോചിമിൻ**

തൊഴിലാളി വർഗത്തിന്റെ ഏററവും മുന്നണിയിലുള്ളതും സുസംഘടിതവുമായ സംഘടനയാണ് പാർടി. തൊഴിലാളി വർഗത്തിന്റെയും മററധ്വാനിക്കുന്ന ജനതയുടെയും നേതാവാണത്. പാർടിയിലെ ഓരോ അംഗവും മുറുകെപ്പിടിക്കേണ്ട ചില സദാചാരതത്വങ്ങളുണ്ട്. അവ വിശദീകരിക്കുകയാണ് ഐതിഹാസികമായ വിയത്നാം വിമോചന പോരാട്ടത്തിന്റെ നേതാവായിരുന്ന ഹോചിമിൻ ഈ ലഘുലേഖയിൽ. താത്വികപഠനത്തിന്റെ പ്രാധാന്യവും അദ്ദേഹം പ്രതിപാദിക്കുന്നു.